# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉദയനാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി 6/1712/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 08/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദയനാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി 6/1712/21 തീയ്യതി: 08/03/2022

## കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2021 മുതൽ 31-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 14-12-2021 | 24-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-12-2021 | 24-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ഇന്ദുലേഖ.എ, ഓഡിറ്റ് ഓഫീസർ.

ശ്രീ. സുമേഷ്.പി.വി, അസി.ഓഡിറ്റ് ഓഫീസർ.

ശ്രീ.ആൽബിൻ സിറിയക്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുനിൽ കുമാർ.ഡി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഗിരിജ പുഷ്കരൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ഹരി.ജി.എസ് | സെക്രട്ടറി | 01-04-2020 | 30-07-2020 |
| രതി.ടി.നായർ | സെക്രട്ടറി | 31-07-2020 | 10-02-2021 |
| ഗായത്രി.എസ്.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-02-2021 | 15-03-2021 |
| രതി.ടി.നായർ | സെക്രട്ടറി | 16-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നീതു രാജശേഖരൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശരത് കൃഷ്ണൻ | വെറ്റിറനറി സർജൻ | 01-04-2020 | 31-03-2021 |
| ജയലാൽ.എൻ.ജെ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2020 | 31-05-2020 |
| പ്ലസന്റ് ജോയ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-06-2020 | 31-03-2021 |
| മിനിമോൾ.എ.വർഗ്ഗീസ് | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| മറ്റം മെറിറ്റ് കുര്യൻ | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 01-04-2020 | 01-08-2020 |
| കൃഷ്ണ.എസ് | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 01-08-2020 | 03-03-2021 |
| പൊന്നമ്മ.കെ.ജെ | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 04-03-2021 | 31-03-2021 |
| സെറീന.എൻ.ജി | അസി.എഞ്ചിനീയർ | 01-04-2020 | 08-08-2020 |
| അഞ്ജു മോഹനൻ | അസി.എഞ്ചിനീയർ | 09-08-2020 | 07-11-2020 |
| സെറീന.എൻ.ജി | അസി.എഞ്ചിനീയർ | 08-11-2020 | 11-01-2021 |
| അഞ്ജു മോഹനൻ | അസി.എഞ്ചിനീയർ | 12-01-2021 | 31-03-2021 |
| ശ്രീമോൾ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 30-10-2020 |
| റെയ്ഹാനത്ത് ബീവി.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 31-10-2020 | 31-03-2021 |

| | | | |
|---|---|---|---|
| ജൂബി ഫ്രാൻസിസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| പ്രിൻഷാദ് | വി.ഇ.ഓ | 01-04-2020 | 05-10-2020 |
| റജിമോൻ | വി.ഇ.ഓ | 15-10-2020 | 31-03-2021 |
| ഷീജ | വി.ഇ.ഓ | 05-10-2020 | 31-03-2021 |
| ബൈജു | വി.ഇ.ഓ | 01-04-2020 | 07-09-2020 |
| മനോജ് കുമാർ എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ധന്യ രവി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഗായത്രി എസ്.വി. | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: A Indulekha (Audit Officer, On 21-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: A Indulekha (Audit Officer, On 21-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: A Indulekha (Audit Officer, On 21-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: A Indulekha (Audit Officer, On 23-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം.<br>Written By: A Indulekha (Audit Officer, On 23-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Sumesh P V (Asst. Audit Officer, On 25-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: A Indulekha (Audit Officer, On 23-12-2021)<br>Last Updated By: A Indulekha (Audit Officer, On 23-12-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Albin Cyriac (Auditor, On 24-12-2021)<br>Last Updated By: Albin Cyriac (Auditor, On 24-12-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: A Indulekha (Audit Officer, On 23-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: A Indulekha (Audit Officer, On 23-12-2021)<br>Last Updated By: A Indulekha (Audit Officer, On 23-12-2021) | 1-10 |
| 11 | റീകൺസിലിയേഷൻ പത്രികയിലെ ഡയറക്ട് ഡെബിറ്റഡ് ബൈ ബാങ്ക് എന്ന ശീർഷകത്തിൽ വരവുവന്ന തുകകൾ - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Albin Cyriac (Auditor, On 25-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-11 |
| 12 | കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്ത ചെക്കുകൾ അക്കൗണ്ടിൽ അവശേഷിക്കുന്നു<br>Written By: Albin Cyriac (Auditor, On 25-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-12 |
| 13 | കളക്ഷനു കൊടുത്ത ചെക്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല.<br>Written By: Albin Cyriac (Auditor, On 25-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-13 |
| 14 | വിവിധ റിക്കവറി തുകകൾ അടവാക്കിയതിന്റെ ചെലാൻ പകർപ്പ് / കൈപ്പറ്റ് ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-14 |
| 15 | ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചതു മൂലം വസ്തു നികുതിയിനത്തിൽ നഷ്ടം<br>Written By: Albin Cyriac (Auditor, On 25-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-15 |

| | | |
|---|---|---|
| 16 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല<br>Written By: Albin Cyriac (Auditor, On 25-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-16 |
| 17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Albin Cyriac (Auditor, On 25-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 1-17 |
| 18 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Albin Cyriac (Auditor, On 25-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-18 |
| 19 | വാടക- രജിസ്റ്ററുകളും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല<br>Written By: Albin Cyriac (Auditor, On 25-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-19 |
| 20 | ലേലം- അപാകതകൾ<br>Written By: Albin Cyriac (Auditor, On 25-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-20 |
| 21 | ജീവനക്കാരിക്ക് ഇൻക്രിമെന്റ് അനുവദിക്കുന്നില്ല.<br>Written By: Sumesh P V (Asst. Audit Officer, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-21 |
| 22 | മാസ്ക് വിതരണം - കൈപ്പറ്റ് വിവരമില്ല.<br>Written By: Sumesh P V (Asst. Audit Officer, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-22 |
| 23 | എൻ. പി.എസ് വിഹിതം അടവാക്കുന്നില്ല.<br>Written By: Sumesh P V (Asst. Audit Officer, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 1-23 |
| 24 | വാഹനങ്ങളുടെ ഇൻഷ്വറൻസ് - സർക്കാർ ഉത്തരവ് പാലിച്ചില്ല.<br>Written By: Sumesh P V (Asst. Audit Officer, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-02-2022) | 1-24 |
| 25 | കുടിവെള്ള വിതരണം സർക്കാർ നിർദ്ദേശം പാലിച്ചില്ല.<br>Written By: Sumesh P V (Asst. Audit Officer, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-25 |
| 26 | വിനിയോഗിക്കാൻ ബാക്കിവന്ന തുകയുടെ തിരിച്ചടവ് - രേഖകൾ ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-26 |
| 27 | കമ്പ്യൂട്ടർ ഹാർഡ് വെയർ,സോഫ്റ്റ് വെയർ - പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല<br>Written By: A Indulekha (Audit Officer, On 27-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-27 |
| 28 | കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ സേവന രേഖകൾ പരിപാലിക്കുന്നില്ല.<br>Written By: Sumesh P V (Asst. Audit Officer, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-28 |
| 29 | ടൂർ റ്റി.എ വിതരണം - വൗച്ചറുകൾ ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-29 |
| 30 | ജി എസ് റ്റി ഈടാക്കിയിട്ടില്ല<br>Written By: A Indulekha (Audit Officer, On 25-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-30 |
| 31 | പുഴ,പുറമ്പോക്ക് സംബന്ധിച്ച രേഖകൾ തയ്യാറാക്കിയിട്ടില്ല<br>Written By: A Indulekha (Audit Officer, On 25-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 1-31 |
| 32 | കാർഷിക ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല.<br>Written By: Albin Cyriac (Auditor, On 25-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-32 |
| 33 | കുഴിച്ചെടുത്ത മണ്ണ് നാളിതുവരെ ലേലം ചെയ്യാത്തതു സംബന്ധിച്ച്<br>Written By: A Indulekha (Audit Officer, On 25-12-2021) | 1-33 |

| | | |
|---|---|---|
| | Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | |
| 34 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - വിതരണ വിവരമില്ല.<br>Written By: Sumesh P V (Asst. Audit Officer, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-34 |
| 35 | പൈപ്പ് കണക്ഷൻ സബ്സിഡി - ഗുണഭോക്തൃലിസ്റ്റിൽ പേരില്ലാത്തവർക്ക് നൽകി<br>Written By: Sumesh P V (Asst. Audit Officer, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 1-35 |
| 36 | വരുമാനസർട്ടിഫിക്കറ്റ് പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു.<br>Written By: Sumesh P V (Asst. Audit Officer, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-36 |
| 37 | ആട് വളർത്തൽ - രേഖകൾ ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 1-37 |
| 38 | ഹരിത കർമ്മസേനയുടെ രൂപീകരണവും അജൈവ മാലിന്യ ശേഖരണവും- തുടർ പ്രവർത്തനം നടക്കുന്നില്ല<br>Written By: A Indulekha (Audit Officer, On 25-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-38 |
| 39 | കൃഷി ഓഫീസ് &മൃഗാശുപത്രി അറ്റകുറ്റപ്പണി- പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല, മറ്റ് അപാകതകൾ.<br>Written By: A Indulekha (Audit Officer, On 25-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 1-39 |
| 40 | മുണ്ട് കാട് വർക്ക് ഷെഡ് - പ്രവർത്തനക്ഷമമമാക്കിയിട്ടില്ല<br>Written By: A Indulekha (Audit Officer, On 25-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 1-40 |
| 41 | എയ്റൊബിൻ നിർമ്മാണം-തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: A Indulekha (Audit Officer, On 26-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 1-41 |
| 42 | തെരുവുവിളക്ക് പരിപാലനപ്രോജക്ടുകൾ - പൊതുമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾപാലിച്ചിട്ടില്ല<br>Written By: A Indulekha (Audit Officer, On 26-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 1-42 |
| 43 | ലൈഫ് പദ്ധതി -നിർമ്മാണം പൂർത്തീകരിച്ച വീടുകൾ അസസ്സ് ചെയ്യുന്നതു സംബന്ധിച്ച്<br>Written By: A Indulekha (Audit Officer, On 26-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 1-43 |
| 44 | ലൈഫ് ഭവനപദ്ധതി (എസ്.സി) - നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ.<br>Written By: Sumesh P V (Asst. Audit Officer, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 1-44 |
| 45 | ഹോമിയോ ആശുപത്രിയിലേക്കുള്ള മരുന്നുകൾ ലഭ്യമായില്ല-<br>Written By: Albin Cyriac (Auditor, On 25-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 1-45 |
| 46 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.<br>Written By: Albin Cyriac (Auditor, On 25-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 1-46 |
| 47 | കന്നുകുട്ടിപരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Sumesh P V (Asst. Audit Officer, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-02-2022) | 1-47 |
| 48 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല – തുക തടസ്സപ്പെടുത്തുന്നു.<br>Written By: Sumesh P V (Asst. Audit Officer, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 1-48 |
| | ഭാഗം **2** | |

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: A Indulekha (Audit Officer, On 23-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-02-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A Indulekha (Audit Officer, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A Indulekha (Audit Officer, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ.<br>Written By: A Indulekha (Audit Officer, On 24-12-2021)<br>Last Updated By: A Indulekha (Audit Officer, On 24-12-2021) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: A Indulekha (Audit Officer, On 23-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: A Indulekha (Audit Officer, On 25-12-2021)<br>Last Updated By: A Indulekha (Audit Officer, On 25-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: A Indulekha (Audit Officer, On 25-12-2021)<br>Last Updated By: A Indulekha (Audit Officer, On 25-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: A Indulekha (Audit Officer, On 23-12-2021)<br>Last Updated By: A Indulekha (Audit Officer, On 23-12-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: A Indulekha (Audit Officer, On 23-12-2021)<br>Last Updated By: A Indulekha (Audit Officer, On 23-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: A Indulekha (Audit Officer, On 23-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: A Indulekha (Audit Officer, On 23-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21വർഷത്തെ പുതുക്കിയ ബജറ്റ് 12.03.2021 തീയതിയിലെ 1/1 നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 30076371 | 16598786 |
| വരവ് | 244272700 | 90595248 |
| ആകെ | 274349071 | 107194034 |
| ചെലവ് | 271982282 | 97806148 |
| നീക്കിയിരിപ്പ് | 2366789 | 9387886 |

ബജറ്റ് പ്രകാരം 24.43കോടി രൂപയുടെ പ്രതീക്ഷിത വരവും 27.43കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം22.73കോടി രൂപയും ചെലവ് 23.80 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 18.05.2021ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2020-21ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 16598786 രൂപയും തൻവർഷ വരവ് 90595248 രൂപയും തൻവർഷ ചെലവ് 97896148 രൂപയും വർഷാവസാന നീക്കിയിരിപ്പ് 9387886 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 22.73 രൂപയും ആകെ ചെലവ് 23.80 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

2) ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

3. B-4 ഷെഡ്യൂളിലെ വിവരങ്ങൾ സ്പെഷ്യൽഗ്രാന്റ്-എ.സി.ആറുമായി പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല.

4) തൊഴിൽ നികുതി, ഡി & ഒ ലൈസൻസ്, എന്നിവയുടെ കുടിശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

5) റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

6) B -9 ഷെഡ്യൂളിൽ സർക്കാറിലേയക്ക് അടവാക്കേണ്ട തുകയുടെ കൃത്യത വ്യക്തമല്ല.

7) B-18 ഷെഡ്യൂളിലെ വിവരങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

8) വാടകരജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ വാടകയുടെ ഡി.സി.ബി വിവരങ്ങളുടെ കൃത്യത

ബോദ്ധ്യമായിട്ടില്ല.

9) സംയുക്ത പ്രോജക്ടുകൾക്കായുള്ള അക്കൗണ്ടിലെ RP 40(b) ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് B4 ഷെഡ്യൂളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

!0)തൊഴിൽ രഹിതവേതനത്തിന്റെ വിശദാംശങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

11)RP-26ലെ വിവരങ്ങൾ (ആഡിറ്റ് റിക്കവറി) വിശദമാക്കുന്ന രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത വ്യക്തമല്ല

!2) B-9 പട്ടികയിലെ പണമാക്കാത്ത ചെക്കുകളുടെ വിശദാംശങ്ങൾ (2,40,000) വ്യക്തമല്ല

13)അസിസ്റ്റന്റ് എൻജിനീയറുടെ രജിസ്റ്റർ പ്രകാരം മരാമത്തു ജോലികൾക്ക് ഭാഗികമായി ബിൽ തുക നൽകിയിട്ടുണ്ട്. . എന്നാൽ പ്രസ്തുത വിവരങ്ങൾ ബാലൻസ് ഷീറ്റിലെ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16598786 |
| ഓഡിറ്റ് വർഷത്തെ വരവ് | 90595248 |
| ആകെ | 107194034 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 97806148 |
| നീക്കിയിരിപ്പ് | 9387886 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3106587 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 32465000 | 32465000 | 29185278 | 3279722 | 90 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 12421000 | 12421000 | 11840351 | 580649 | 95 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി. | | 0 | 190000 | 190000 | 69500 | 120500 | 36 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Untied Basic Grant | 0 | 14509311 | 14509311 | 10680143 | 3829168 | 74 |
| | Tied Grant | 0 | 7300000 | 7300000 | 1263126 | 6036874 | 18 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | | 0 | 6258058 | 6258058 | 3791458 | 2466600 | 60 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | | 0 | 6974000 | 6974000 | 6703741 | 270259 | 96 |
| ഐസിഡിഎസ് ഫണ്ട് | | 1067114 | 669838 | 1736952 | 500000 | 1236952 | |
| എൻആർഇജിഎ | | 942 | 79866012 | 79866954 | 79607041 | 259913 | |

ഗ്രാന്റിന്റെ വിനിമയം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി വിഹിതങ്ങളിൽ നിന്നും യഥാക്രമം 5164651 രൂപ, 615294 രൂപ വീതം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ഈ തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം. പേര് | ഫണ്ടിനം | ചെലവ് |
|---|---|---|
| 218/21 അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനം | വികസനഫണ്ട് ജനറൽ | 350400 |
| 246/21 അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനം | ,, | 350400 |
| 247/21 അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനം | ,, | 350400 |
| 248/21 ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് (ജനറൽ) | ,, | 2056726 |
| 250/21 ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് (ജനറൽ) | ,, | 2056725 |
| ആകെ | | 5164651 |
| 249/21 ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് (എസ്.സി.പി) | വികസനഫണ്ട് എസ്.സി.പി | 307647 |

| | | |
|---|---|---|
| 251/21 ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് (എസ്.സി.പി) | ,, | 307647 |
| ആകെ | | 615294 |

2. ഗ്രാന്റ് പത്രികയിലെ മേഖല തിരിച്ചുള്ള അലോട്ട്മെന്റ് തുകകളുടെ കണക്ക് യഥാർത്ഥ അലോട്ട്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

കേന്ദ്ര- സംസ്ഥാന വിഹിതം എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, സാംഖ്യ എ.സി.ആർ , വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

1-5 വാർഷികപദ്ധതി അവലോകനം.

ഗ്രാമപഞ്ചായത്തിന്റെ 2020-21ലെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗ് 19.12.2019ൽ നടക്കുകയുണ്ടായി. പദ്ധതിരൂപീകരണ ഗ്രാമ സഭകൾ 18.01.2020-02.02.2020 നടത്തിയിരുന്നു. 24.02.2020ൽ വികസനസെമിനാർ നടത്തുകയുണ്ടായി. 6.02.2020-ൽ ഭരണസമിതി അംഗീകരിച്ച പ്രസ്തുത പ്രോജക്ടുകൾ 23.02.2020ലെ 81898/21 /DPC/KTMനമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിക്കുകയും ചെയ്തു.അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 207 | 149 | 148446233 | 77237892 | 52 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വാർഷികപദ്ധതി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 21 | 21 | 7222286 | 6305283 | 87.3 |
| 2 | വെറ്ററിനറി സർജൻ | 7 | 7 | 2630000 | 1366917 | 52 |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 4 | 3 | 1250000 | 1007732 | 91 |
| 4 | മെഡി.ഓഫീസർ, ആയുർവേദ | 1 | 1 | 600000 | 600000 | 100 |
| 5 | മെഡി.ഓഫീസർ, ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| 6 | വി.ഇ.ഒ-1 | 10 | 10 | 13299370 | 10702330 | 80 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 5 | 3 | 3748400 | 3005415 | 80 |
| 8 | സെക്രട്ടറി | 40 | 27 | 18430865 | 12843938 | 70 |
| 9 | സബ് ഇൻസ് | 7 | 6 | 4292750 | 1638058 | 38 |

| | | | | | | |
|---|---|---|---|---|---|---|
| | പെക്ടർ ഫിഷറീസ് | | | | | |
| 10 | വി.ഇ.ഒ-2 | 11 | 6 | 30973751 | 9662527 | 32 |
| 11 | അസി.എൻജിനീയർ | 79 | 52 | 36553196 | 23031893 | 63 |
| 12 | ഡയറി ഫാം ഇൻസ്പെക്ടർ | 3 | 3 | 1175509 | 1141381 | 97 |
| 13 | അസി.സെക്രട്ടറി | 13 | 6 | 26545106 | 4757449 | 18 |
| 14 | ഹെഡ്മാസ്റ്റർ | 5 | 3 | 1425000 | 874969 | 61 |
| | ആകെ | 207 | 149 | 148446233 | 77237892 | 52 |

ഗ്രാമപഞ്ചായത്തിന്റെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തിയതായി കാണുന്നു. ഉദ്പാദനമേഖലയിൽ കൃഷി-മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളിൽ 70% ചെലവഴിച്ചിരിക്കുന്നത് പ്രളയഫണ്ട് പദ്ധതി വിഹിതം ആണ്. ലൈഫ് ഭവനനിർമ്മാണപദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്കണവാടികളുടെയും എൽ.പി. സ്കൂളുകളുടെയും മെയിന്റനൻസ് നടത്തുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. ആശുപത്രികളിലേയ്ക്ക് മരുന്നുകൾ/ അവശ്യസാധനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഹരിതകർമ്മസേന മുഖാന്തിരം വീടുകളിൽനിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചതായൊ അംഗങ്ങൾക്ക് പ്രതിഫലം നല്കുന്നതിന് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിച്ചതായോ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വീടുകളിൽ നിന്നും, വ്യാപാരസ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ഈടാക്കിയതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. എന്നാൽ അജൈവമാലിന്യസംസ്കരണം കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ട്.

അംഗീകാരം കിട്ടിയ 207 പ്രോജക്ടുകളിൽ 149 എണ്ണം മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്. വകയിരുത്തിയ ആകെ തുകയുടെ 52 ശതമാനമാണ് ചെലവ്. നൂതന പ്രോജക്ടുകളൊന്നും തന്നെ ഏറ്റെടുക്കുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല. ലൈഫ് ഭവനപദ്ധതിയാണ് തൻവർഷം ഏറ്റെടുത്ത ഏറ്റവും ബൃഹത്തായത്. എന്നാൽ ഭവനത്തിനായി തെരഞ്ഞെടുക്കപ്പെട്ട് കരാർ വച്ച ഗുണഭോക്താക്കളുടെയും നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിലായി തുക കൈപ്പറ്റിയതിന്റെയുമുൾപ്പെടെയുള്ള വിവരങ്ങളടങ്ങിയ രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികൾ

റോഡ് കോൺക്രീറ്റിംഗ്, റോഡ് ടാറിംഗ്, സ്കൂളുകളുടെയും അങ്കണവാടികളുടെയും അറ്റകുറ്റപ്പണികൾ,തുടങ്ങിയവയാണ് അസി.എൻജിനീയർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ പ്രധാനമായവ.റോഡ് പ്രവൃത്തികളിൽ കണക്ടിവിറ്റി മാപ്പ് തയാറാക്കണമെന്ന് വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും തയാറാക്കിയിട്ടില്ല. പശ്ചാത്തലമേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ടുകളിൽ 17 പ്രോജക്ടുകൾ തൻവർഷം പൂർത്തീകരിച്ചില്ല. ആകെ അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 49 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. ആയതിൽ 6 എണ്ണം നടപ്പാക്കിയില്ല. ഇതിൽ നിന്ന് പഞ്ചായത്തിന്റെ ലഭ്യമായ ഉദ്യോഗസ്ഥശേഷിക്ക് സാധിക്കുന്നതിനപ്പുറമാണ് ഓരോവർഷവും അംഗീകാരം വാങ്ങുന്ന പ്രോജക്ടുകളുടെ എണ്ണമെന്നാണ് വ്യക്തമാകുന്നത്. ഇപ്രകാരം നിരവധി പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം, ഫലപ്രാപ്തി, കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. പ്രവൃത്തികളുടെ അനിവാര്യത, തുടർപുരോഗതിയെ എപ്രകാരം സഹായിക്കുന്ന എന്നിവയായിരിക്കണം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ മാനദണ്ഡമാക്കേണ്ടത്. എന്നാൽ വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതുമൂലം ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കാനാവുന്നില്ല.

ടെണ്ടർ നടപടികളിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പാക്കുന്നില്ല

പ്രോജക്ടുകളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതിയുടെ ഏറ്റവും വലിയ കുറവാണ്.നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ,രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.

1-5എ വിനിയോഗലക്ഷ്യം കൈവരിച്ചില്ല 1.6കോടി രൂപ നഷ്ടപ്പെട്ടു

ഓഡിറ്റ് വർഷം സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ നഷ്ടമായ സർക്കാർ ഗ്രാന്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഗ്രാന്റ്-ഇനം | | അലോട്ട്മെന്റ്/ വരവ് | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 32465000 | 29185278 | 3279722 | |
| വികസന ഫണ്ട്-എസ്.സി.പി | | 12421000 | 11840351 | 580649 | |
| വികസന ഫണ്ട്-ടി.എസ്.പി. | | 190000 | 69500 | 126500 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Untied Basic Grant | 14509311 | 10680143 | 3829168 | |
| | Tied Grant | 7300000 | 1263126 | 6036874 | |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | | 6258058 | 3791458 | 2466600 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | | 6974000 | 6703741 | 270259 | |
| ആകെ | | | | 1,65,83,772 | |

പ്രവൃത്തികളുടെ ബാഹുല്യവും, പദ്ധതി നിർവ്വഹണ നടപടികളിലെ മെല്ലെപ്പോക്കും സർക്കാർ ഫണ്ട് നഷ്ടപ്പെടാൻ പ്രധാന കാരണമാണ്. സി. എഫ് .സി ഉപാധിപ്രകാരമുള്ള ഫണ്ട് ചെലവ് നാമമാത്രമായിരുന്നു. തൻവർഷത്തേയ്ക്ക് ലഭിക്കാൻ സാദ്ധ്യതയുള്ള ആകെ പദ്ധതി വിഹിതത്തിന് ആനുപാതികമായി മാത്രം പദ്ധതികൾ തയ്യാറാക്കുകയോ (സ്പിൽ ഓവർ ഉൾപ്പെടെ), അതല്ലെങ്കിൽ സ്പിൽഓവർ പദ്ധതികളുടെ പ്രവർത്തനങ്ങൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് ലഭിക്കാൻ സാദ്ധ്യതയുള്ള അധിക വിഹിതത്തിനായി സർക്കാരിനെ സമീപിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്. വികസനപ്രവർത്തനങ്ങൾക്കായി ലഭ്യമായിരുന്ന തുകയിൽ 1.6കോടി രൂപ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടിട്ടുണ്ട്. ഇതിൽ തിരികെ ലഭിക്കാൻ

അർഹതയുള്ള തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2020-2021 സാമ്പത്തിക വർഷം 2116 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 881 പ്രോജക്ടുകളിൽ 195 എണ്ണം നടപ്പിലാക്കി. 2020-2021 വർഷം 224295 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2878 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി പുരയിടം കൃഷിക്ക് അനുയോജ്യമാക്കൽ, എസ് സി. എസ് ടി, ബിപിഎൽ കുടുംബങ്ങളുടെ ഭൂമി(കൺവർജൻസ്), വിവിധ റോഡ് പണികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ക്യാഷ്ബുക്ക് പ്രകാരമുള്ള 2020-2021 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 942 | 2825797 | 2826739 | 2566826 | 259913 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | | 77040215 | 77040215 | 77040215 | 0 |
| ആകെ | 942 | 79866012 | 79866954 | 79607041 | 259913 |

## 1-7 ക്ഷേമപദ്ധതികൾ

2020-21 വർഷം വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 42840 | 60 |
| വാർദ്ധക്യകാലപെൻഷൻ | 30798600 | 27034 |
| കർഷകതൊഴിലാളി പെൻഷൻ | 11365200 | 8308 |
| വിധവാപെൻഷൻ | 12773000 | 9181 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 1168500 | 844 |
| വികലാംഗപെൻഷൻ | 5240000 | 3804 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.2021 തീയതിയിൽ 3.10 പി എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6235/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് ഗ്രാമ പഞ്ചായത്തിലെ മൊത്തത്തിലുള്ള ജോലി വിഭജനം നിർണ്ണയിക്കുന്നതിനും അവയിലെ അപാകത പരിഹരിക്കുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണത്തിൽ അപാകതകൾ നിലവിലില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ, ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ നിയന്ത്രണ സംവിധാനം നിലവിലുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും വസ്തുനികുതി ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം

പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും മാത്രമാണ് നടത്തിയിട്ടുള്ളത്.

6) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

കേന്ദ്ര /സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതും ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ടതുമായ ACR സൂക്ഷിയ്ക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ചാർജ്ജ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ലോൺ രജിസ്റ്റർ , സർക്കാരിലേയ്ക്ക് അടവാക്കാനുള്ള ബാദ്ധ്യതകളുടെ രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല. പതിനൊന്ന് വാർഡുകളിലെ ഗ്രാമസഭ മിനിട്ട്സ് ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല

8) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.03.2020 | 2019-20 | --------- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.09.2017 | 2012-2017 | LBHQ11/8A-2637/17-18/125 Dtd 28.09.2017 |

1-11 റീകൺസിലിയേഷൻ പത്രികയിലെ ഡയറക്ടലി ഡെബിറ്റഡ് ബൈ ബാങ്ക് എന്ന ശീർഷകത്തിൽ വരവുവന്ന തുകകൾ - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

എസ്.ബി.ടി തനത് ഫണ്ട് അക്കൗണ്ടിലെ 31.10.2021 തീയതിയിലെ റീകൺസിലേഷൻ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന തുകകൾ ഡയറക്ടിലി ഡെബിറ്റഡ് ബൈ ബാങ്ക് എന്ന ശീർഷകത്തിൽ വന്നിട്ടുള്ളതായി കാണുന്നു.

| ക്രമ നം | ചെക്കിന്റെ വിശദാംശങ്ങൾ | വൗച്ചർ വിശദാംശങ്ങൾ | തുക |
|---|---|---|---|
| 1 | ലഭ്യമല്ല | വൗച്ചർ തീയതി- 30.04.21<br>വൗച്ചർ നമ്പർ - ലഭ്യമല്ല | 159000 |
| 2 | ലഭ്യമല്ല | വൗച്ചർ തീയതി- 28.08.2021<br>വൗച്ചർ നമ്പർ - ലഭ്യമല്ല | 18000 |
| ആകെ | | | 177,000 |

പ്രസ്തുത തുകകളുടെ വരവ്/ പിൻവലിക്കലുകൾ സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കേണ്ടതും മുൻകൂട്ടി കാണാൻ സാധിക്കാതെ അക്കൗണ്ടിൽ നിന്ന് പിൻവലിക്കപ്പെടുന്ന തുകകൾ (ഉദാ ബാങ്ക് ചാർജ്ജ്) വരുന്ന ഡയറക്ടിലി ഡെബിറ്റഡ് ബൈ ബാങ്ക് എന്ന ശീർഷകത്തിൽ 177,000 രൂപ അവശേഷിക്കുന്നതെങ്ങനെയെന്നും വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/21.12.21) അപാകത പരിശോധിച്ച് പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ തുകകളുടെ ഡെബിറ്റ് വിശദാംശങ്ങൾ അടിയന്തിരമായി അറിയിക്കേണ്ടതാണ്. പ്രസ്തുത വിഷയം വിശദമായി പരിശോധിക്കേണ്ടതും തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

1-12 കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്ത ചെക്കുകൾ അക്കൗണ്ടിൽ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽനിന്ന് നൽകിയ കാലാവധി കഴിഞ്ഞതും പണമാക്കാത്തതുമായ ചെക്കുകൾ

അക്കൗണ്ടിൽ തിരികെ വരവുവെയ്ക്കേണ്ടതാണെന്ന് 2011ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങൾ ചട്ടം-46 ൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. 31.10.2021-ൽ നടത്തിയ വിവിധ അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ പത്രികകൾ പ്രകാരം തിരികെ അക്കൗണ്ടിൽ വരവുവെയ്ക്കേണ്ടതായ ചെക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അക്കൗണ്ട് നമ്പർ | ചെക്ക് നമ്പർ/ തീയതി | തുക (രൂപ) |
|---|---|---|---|
| 1 | 59- സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 59491 തീയതി 08.07.2021 | 1000 |
| 2 | | 60952 തീയതി 16.07.2021 | 1230 |
| 3 | | 62578 തീയതി 02.06.2021 | 4885 |
| 4 | | 59890 തീയതി 03.05.2021 | 3095 |
| 5 | | 59891 തീയതി 05.05.2021 | 723 |
| 6 | | 62613 തീയതി 18.05.2021 | 8761 |
| 7 | | 911457 തീയതി 31.03.2021 | 27000 |
| 8 | | 911458 തീയതി 31.03.2021 | 30000 |
| 9 | | 59882 തീയതി 28.04.2021 | 600 |
| 10 | 67393217247- എസ്.ബി.ഐ | 911510 തീയതി 21.04.2021 | 1000 |
| 11 | | 911501 തീയതി 21.04.2021 | 500 |
| 12 | | 911503 തീയതി 21.04.2021 | 500 |
| 13 | | 911458 തീയതി 29.03.2021 | 36000 |
| 14 | | 911458 തീയതി 29.03.2021 | 66000 |
| | ആകെ | | 181294 |

ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ഈ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണെന്നിരിക്കെ ആയതിനുള്ള നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/21.12.21) പ്രസ്തുത വിഷയം സംബന്ധിച്ച് ബാങ്കിൽ കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റു വർഷത്തെ ബാലൻസ് ഷീറ്റു പ്രകാരം 240,000രൂപ ( B-15 Schedule) സ്റ്റെയിൽ ചെക്ക് ഇനത്തിൽ അവശേഷിക്കുന്നു. തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ടി തുക 31.03.2021നു ശേഷം റീവാലിഡേറ്റ് ചെയ്തതിന്റെയും ഗുണഭോക്താക്കൾക്ക് നൽകിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. 14.12.2021ലെ ബാലൻസ് ഷീറ്റ്പ്രകാരവും 550368/-തുക അവശേഷിയ്ക്കുന്നു.

1-13 കളക്ഷനു കൊടുത്ത ചെക്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല.

പഞ്ചായത്തിൽ ലഭിച്ചിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന ചെക്കുകൾ പ്രകാരമുള്ള തുകകൾ അക്കൗണ്ടിൽ വരവു വന്നതായി കാണുന്നില്ല.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | ചെക്കിന്റെ വിശദാംശങ്ങൾ | തുക |
|---|---|---|---|
| 1 | അക്കൗണ്ട് നം -799013000000051- എസ്.ടി.എസ്.ബി. | ലഭ്യമല്ല | 4350 |
| 2 | | ലഭ്യമല്ല | 46250 |
| 3 | 709041400000013- സബ് ട്രഷറി വൈക്കം | 0821523 തീയതി 22.02.2021 | 7000 |
| 4 | | 5885890 തീയതി 22.02.2021 | 5750 |
| 5 | | 0393508 തീയതി 24.02.2021 | 22250 |
| 6 | 59- സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 074742 തീയതി 30.08.2021 | 3500 |
| 7 | | 313415 തീയതി 09.05.2021 | 10000 |
| 8 | | 313819 തീയതി 25.03.2021 | 1000 |
| 9 | | 312943 തീയതി 24.02.2021 | 1000 |
| 10 | | 440577 തീയതി 11.02.2021 | 52250 |
| 11 | | 926737 തീയതി 10.06.2021 | 10000 |
| | ആകെ | | 163350 |

2021 ഒക്ടോബർ മാസത്തെ ബാങ്ക് റീകൺസിലേഷൻ സ്റ്റേറ്റ്മെന്റുകളിലും (ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ് എന്ന ശീർഷകത്തിൽ) ഈ കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. ചെക്കുകളുടെ കാലാവധി മൂന്ന് മാസമായിരിക്കെ നാളിതു വരെ ഈ വിഷയം പരിശോധിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/21.12.21) 709041401400000013 നം. അക്കൗണ്ട് ക്ലോസ് ചെയ്ത് 799013000000051ലേക്ക് മാറ്റിയിട്ടുള്ളതാണെന്നും തുകകൾ പുതിയ LGSTB അക്കൗണ്ടിലേക്ക് വരവ് വന്നിട്ടുള്ളതാമെന്നും മറുപടി നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ ആധികാരികത ബോധ്യപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും തുക നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന്

ഈടാക്കേണ്ടതുമാണ്. അനന്തര നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 വിവിധ റിക്കവറി തുകകൾ അടവാക്കിയതിന്റെ ചെലാൻ പകർപ്പ് / കൈപ്പറ്റ് ലഭ്യമായില്ല.

1) ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത ചുവടെ ചേർക്കുന്ന തുകകൾ ട്രഷറിയിൽ/ നിശ്ചിത ശീർഷകങ്ങളിൽ അടവാക്കിയതിന്റെ ചെലാൻ പകർപ്പുകൾ/കൈപ്പറ്റുകൾ ഓഡിറ്റിന് ലഭ്യമായില്ല.

| മാസം | വൗച്ചർ നമ്പർ,തീയതി | ഇനം | തുക |
|---|---|---|---|
| 8/20 | 22000353/11.8.20 | GPF | 8000 |
| | 22000354/11.8.20 | KPEPF | 42206 |
| | 22000355,356/11.8.20 | NPS | 19900 |
| | 22000357/11.8.20 | SLI | 6925 |
| | 22000358/11.8.20 | GIS | 4800 |
| | 22000360/11.8.20 | Pension Contribution | 38944 |
| | 22000361/11.8.20 | Co-operative Recovery | 8230 |
| 9/20 | 22000456/22.9.20 | KPEPF | 57148 |
| | 22000457,458/22.9.20 | NPS | 16124 |
| | 22000459/22.9.20 | GIS | 4400 |
| | 22000460/22.9.20 | SLI | 5950 |
| | 22000461/22.9.20 | Pension Contribution | 44208 |
| | 22000467/22.9.20 | LIC | 7242 |
| | 22000464/22.9.20 | Co-operative Recovery | 8230 |
| | | ആകെ | 272307 |

2) ശമ്പള റിക്കവറി അടവാക്കൽ - കൈപ്പറ്റ് രസീത് ലഭ്യമായില്ല .

ശ്രീ ജിജിമോൻ പി.എം , അക്കൗണ്ടന്റിന്റെ കോ-ഓപ്പറേറ്റീവ് റിക്കവറി തുകകൾ വിവിധ വൗച്ചറുകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും പിൻവലിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ,തീയതി | തുക |
|---|---|
| 22000027/4.5.20 | 6000 |
| 22000176,177/2.6.20 | 12000 |
| 22000278/14.7.20 | 6000 |
| ആകെ | 24000 |

മേൽ തുകകൾ അടവാക്കിയതിന്റെ സ്ഥാപനത്തിൽ നിന്നുള്ള കൈപ്പറ്റ് രസീത് ഓഡിറ്റിന് ലഭ്യമായില്ല.

അപാകത ചൂണ്ടിക്കാട്ടി സമർപ്പിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/16.12.21) ശ്രീ ജിജോമോന്റെ ശമ്പള

റിക്കവറി സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തതിനാലാണ് കൈപ്പറ്റ് രസീത് ലഭ്യമാക്കാത്തത് എന്ന് മറുപടി നൽകി. കൈപ്പറ്റ് രേഖകൾ, ചലാനുകൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നതിലേക്കായി 296307 ( 272307 + 24000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചതു മൂലം വസ്തു നികുതിയിനത്തിൽ നഷ്ടം

ഗ്രാമ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച വസ്തു നികുതി വിജ്ഞാപനം പ്രകാരം 100 ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് 60 രൂപ/ ച.മീ നിരക്കിലാണ് വസ്തു നികുതി ഈടാക്കേണ്ടത്.

എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 100 ച.മീന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളെ " വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ളവ" എന്ന ഗണത്തിൽ (വസ്തു നികുതി- 50രൂപ/ച.മീ) ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ വസ്തു നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിക്കേണ്ട വസ്തു നികുതി | | | | നിർണ്ണയിച്ച വസ്തു നികുതി | കുറവ് |
|---|---|---|---|---|---|---|---|---|---|
| | | | | അടിസ്ഥാന വസ്തു നികുതി | വർദ്ധനവ് | കുറവ് | ആകെ | | |
| 1 | സി.പി. ചിത്രാംഗദൻ | 8/292/A | 131 | 7860 | - | 1572 (മേഖല) | 6288 | 5240 | 1048 |
| 2 | സി.ജി. അനസ് | 15/117/A | 197 | 11820 | - | 1182 (മേഖല) | 10638 | 8865 | 1773 |
| | ആകെ | | | | | | | | 2821 |

പ്രസ്തുത കെട്ടിടങ്ങളിൽ നിന്ന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (43/22.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത കെട്ടിടങ്ങളുടെ വസ്തു നികുതി ഉപയോഗ ക്രമത്തിനനുസൃതമായി പുനർ ക്രമീകരിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-16 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ഉദയനാപുരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

| കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം | നികുതി ഈടാക്കാത്ത സാമ്പത്തിക വർഷം | കുടിശ്ശിക (ച.മീ ന് 500 രൂപ നിരക്കിൽ) |
|---|---|---|---|---|
| 2/152/A | സബ് ഡിവിഷണൽ എഞ്ചിനീയർ, | 7.29 ച.മീ | 2013-14 മുതൽ 2020-21 വരെ | 38496 (4812/വർഷം) |

| | | | | |
|---|---|---|---|---|
| | ബി.എസ്.എസ്, ടി.എൽ.വൈ.പി-1 | | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34./ 21.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

.

1-17 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷം താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് വിറ്റു വരവിനാനുപാതികമായ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | കാനറ ബാങ്ക്, ഉദയനാപുരം | 1,2 |
| 2 | കെ.എസ്.ഇ.ബി , ഉദയനാപുരം | 1,2 |
| 3 | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, ഉദയനാപുരം | 1,2 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 32/21.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങളിൽ നിന്ന് വിറ്റു വരവിനാനുപാതികമായ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-18 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ഉദയനാപുരം ഗ്രാമ പഞ്ചായത്ത് | 1,2 |
| 2 | ഉദയനാപുരം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 1,2 |
| 3 | മരിയ വുഡ് ഇൻഡസ്ട്രീസ് | 1,2 |
| 4 | ഡി.എസ്.എസ് മറൈൻ | 2 |
| 5 | അലയൻസ് കൺസൾട്ടൻസി, | 1 |

| | | |
|---|---|---|
| | അക്കരപ്പാടം | |
| 6 | പോസ്റ്റ് ഓഫീസ്, ഉദയനാപുരം | 1 |
| 7 | ആയുഷ്.പി.എച്ച്.സി, ഉദയനാപുരം | 1 |
| 8 | ഈറോസ് ഓയിൽ മിൽ പ്രൈ ലിമിറ്റഡ് | 2 |
| 9 | ടി.എസ്.നം.28, തുറുവേലിക്കുന്ന് | 1,2 |
| 10 | ടി.എസ്.നം. 1, വടയാർ | 1,2 |
| 11 | ടി.എസ്.നം.37 , | 1 |
| 12 | ടി.എസ്.നം. 38, ഇരുമ്പൂഴിക്കര | 1 |

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം31/21.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-19 വാടക- രജിസ്റ്ററുകളും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല

ഉദയനാപുരം ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക കണക്കുകളിലെ RP-43 ഷെഡ്യൂൾ പ്രകാരം തൻവർഷ വാടകയിനത്തിൽ 2,62,458 രൂപയും മാർക്കറ്റ് വരവിനത്തിൽ (Receivables From Market Receipts) 86386 രൂപയും ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ബാലൻസ് ഷീറ്റ് പ്രകാരം വാടകയിനത്തിൽ 152681 രൂപയും മാർക്കറ്റ് ഫീസിനത്തിൽ 63662 രൂപയും കുടിശ്ശികയായി കാണുന്നു. എന്നാൽ ആയത് സാധൂകരിക്കുന്ന രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വസിഷൻ (നം1/14.12.2021), ഓഡിറ്റ് എൻക്വയറി (നം44/22.12.2021) എന്നിവക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രജിസ്റ്ററുകൾ അടിയന്തിരമായി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-20 ലേലം- അപാകതകൾ

ഗ്രാമ പഞ്ചായത്ത് ഹാജരാക്കിയ ലേല ഡയറി മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ലേല രജിസ്റ്റർ, ലേല ഡയറി എന്നിവ പരിശോധിച്ചതിൽ 16.02.21 ൽ നടന്ന നാനാടം മാർക്കറ്റിലെ ഫീസ് പിരിവ് , നാനാടം മാർക്കറ്റിലെ ഒന്നാം നമ്പർ മീറ്റ് സ്റ്റാൾ , മൂന്നാം നമ്പർ മീറ്റ് സ്റ്റാൾ എന്നിവയുടെ 2021-22 വർഷത്തെ കുത്തകാവകാശം ലേലത്തിൽ കൊണ്ട ബൈജു ഉഷാമന്ദിരം (ഫീസ് പിരിവ്-12293 രൂപ), ബഷീർ ഇളന്താശ്ശേരിയിൽ (ഒന്നാം നമ്പർ മീറ്റ് സ്റ്റാൾ- 82687 രൂപ), അസീബ് നബീസ മൻസിൽ (മൂന്നാം നമ്പർ മീറ്റ് സ്റ്റാൾ- 83750 രൂപ) എന്നിവർ നാളിതു വരെ ഒരു രൂപ പോലും പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ലയെന്ന് കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) മുൻ വർഷ ലേല രജിസ്റ്റർ പരിശോധിച്ചതിൽ 10.03.2020 ൽ നടന്ന നാനാടം മാർക്കറ്റിലെ ഫീസ് പിരിവ്, നാനാടം മാർക്കറ്റിലെ ഒന്നാം നമ്പർ മീറ്റ് സ്റ്റാൾ , മൂന്നാം നമ്പർ മീറ്റ് സ്റ്റാൾ എന്നിവയുടെ 2020-21 വർഷത്തെ കുത്തകാവകാശം ലേലത്തിൽ കൊണ്ട ബൈജു ഉഷാമന്ദിരം (ഫീസ് പിരിവ്-ലേലം കൊണ്ട തുക- 11708 രൂപ, ബഷീർ ഇളന്താശ്ശേരിയിൽ (ഒന്നാം നമ്പർ മീറ്റ് സ്റ്റാൾ- ലേലം കൊണ്ട തുക- 78750 രൂപ), നവാസ് ഉദയനാപുരം (മൂന്നാം നമ്പർ മീറ്റ് സ്റ്റാൾ- ലേലം കൊണ്ട തുക- 79500 രൂപ)

എന്നിവർ യഥാക്രമം 7972 രൂപ , 49062 രൂപ, 48500 രൂപ ലേല കുടിശ്ശികയിനത്തിൽ അടവാക്കാനുള്ളതായി കാണുന്നു. പഞ്ചായത്തിലെ 09.02.21 തീയതിയിലെ പൊതു ലേലം/ക്വട്ടേഷൻ പരസ്യത്തിലെ ലേല വ്യവസ്ഥ 1 പ്രകാരം ലേലത്തിൽ പങ്കെടുക്കുന്നവർക്ക് പഞ്ചായത്തിൽ യാതൊരു ബാധ്യതയും ഉണ്ടായിരിക്കരുതെന്നിരിക്കെ മുൻ വർഷ ലേല തുക മുഴുവൻ അടക്കാത്ത വ്യക്തികൾക്ക് തൻ വർഷവും ലേലം ഉറപ്പിച്ച് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) ലേല രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളായ നാനാടം മാർക്കറ്റിലെ രണ്ടാം നമ്പർ മീറ്റ് സ്റ്റാൾ, നാനാടം മാർക്കറ്റിലെ നാലാം നമ്പർ മീറ്റ് സ്റ്റാൾ, നേരേ കടവ് ഫിഷ് ലാന്റിംഗ് സെന്ററിലെ 6/455/A നമ്പർ ഹാൾ, നാനാടം മാർക്കറ്റിലെ 3/535/B നമ്പർ മുറി, ഫിഷ് ലാന്റിംഗ് സെന്ററിലെ ഫീസ് പിരിവ്, ഫിഷ് ലാന്റിംഗ് സെന്ററിലെ ഫല വൃക്ഷ ആദായം എന്നിവയുടെ ഉടമസ്ഥാവകാശങ്ങളുടെ ലേലം നടന്നിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ പ്രസ്തുത ആസ്തികൾ നിഷ്ക്രിയാസ്തികളായി തുടരുന്നതായി കാണുന്നു.

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം30/21.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത അപാകതകൾക്ക് അടിയന്തിരമായി മറുപടി ലഭ്യമാക്കേണ്ടതും ലേല കുടിശ്ശിക (തൻ വർഷത്തെതും മുൻ വർഷങ്ങളിലേതും) പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

## 1-21 ജീവനക്കാരിക്ക് ഇൻക്രിമെന്റ് അനുവദിക്കുന്നില്ല.

സാമൂഹ്യനീതി വകുപ്പിന്റെ 18.5.13 ലെ ജി.ഒ (പി ) നമ്പർ 40/13 പ്രകാരം 16.8.99 നും 31.12.2003 നുമിടയിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായ അംഗപരിമിതരെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിരുന്നു. ഇത്തരത്തിൽ ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ 11.10.13 ൽ നിയമിതയായ ക്ളർക്കാണ് ശ്രീമതി സലില ( ആദ്യനിയമനം 6.12.99 – 1.6.2000) . സാമൂഹ്യനീതി വകുപ്പിന്റെ 26.4.17 ലെ ജി.ഒ (പി ) നമ്പർ 5/17 പ്രകാരം ടി ജീവനക്കാർക്ക് നിരീക്ഷണകാലം , ടെസ്റ്റ് യോഗ്യത എന്നിവ കണക്കാക്കാതെ കെ.എസ്.ആർ ഭാഗം 1 ലെ വ്യവസ്ഥകൾ പ്രകാരം ഇൻക്രിമെന്റ് അനുവദിക്കാവുന്നതാണ് . സേവനപുസ്തകം പരിശോധിച്ചപ്പോൾ ശ്രീമതി സലിലക്ക് 11.10.14 ൽ ആദ്യഇൻക്രിമെന്റ് അനുവദിച്ചതിനുശേഷം നാളിതുവരെ ഇൻക്രിമെന്റ് നൽകിയതായി കാണുന്നില്ല. . മേൽ സൂചിപ്പിച്ച ഉത്തരവ് തീയതിക്ക് ശേഷവും ഇൻക്രിമെന്റ് നൽകാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/18.12.21) മറുപടി ലഭ്യമായില്ല. പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർ ഓഫീസുമായി ബന്ധപ്പെട്ട് ടി വിഷയത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 മാസ്ക് വിതരണം - കൈപ്പറ്റ് വിവരമില്ല.

പടർന്ന് പിടിച്ച കോവിഡ് മഹാമാരിയിൽ നിന്നും സംരക്ഷണം നൽകുന്നതിലേക്ക് എല്ലാ വാർഡുകളിലും മാസ്ക് വിതരണം ചെയ്യുന്നതിലേക്കായി ഒരു വാർഡിൽ 5800 രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം 17 വാർഡുകളിലേക്കായി 98600 രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച (വൗച്ചർ നമ്പർ 22000109/13.5.20). ഓരോ വാർഡുകളിലും വ്യത്യസ്ത വ്യക്തികളാണ് മാസ്ക് തൈച്ച് നൽകിയിരിക്കുന്നത് എന്ന് വെള്ളക്കടലാസിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പിൻവലിച്ച തുക ടി വ്യക്തികൾ കൈപ്പറ്റിയതിന്റെയോ അവരുടെ അക്കൗണ്ടുകളിലേക്ക് നൽകിയതാണെങ്കിൽ ആയതിന്റെയോ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 5/16.12.21) നൽകിയിരുന്നു. രസീത് വാങ്ങി ഓഡിറ്റിൽ സമർപ്പിക്കാമെന്ന് മറുപടി ലഭ്യമാക്കി. അപാകത പരിഹരിക്കേണ്ടതാണ്.

## 1-23 എൻ. പി.എസ് വിഹിതം അടവാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 26.6.20 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ കെയ്ൻസ് പി ജോൺ , ക്ളർക്കിന്റെ

എൻ. പി.എസ് വിഹിതം നാളിതുവരെ അടവാക്കിയിട്ടില്ല. 10/20 മുതൽ ശമ്പളത്തിൽ നിന്നും എൻ. പി.എസ് വിഹിതം കുറവ് ചെയ്യുന്നുണ്ടെങ്കിലും നാളിതുവരെ വിഹിതം അടവാക്കിയിട്ടില്ല. 1/21 ൽ ശമ്പളത്തിൽ നിന്നും എൻ. പി.എസ് വിഹിതം കുറവ് ചെയ്തിട്ടുമില്ല.

നാളിതുവരെ ടി ജീവനക്കാരന്റെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത എൻ. പി.എസ് വിഹിതത്തിന്റെ വിശദാംശങ്ങളും അതോടൊപ്പം വിഹിതം അടവാക്കാത്തതിന്റെ കാരണവും വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/18.12.21) മറുപടി ലഭ്യമായില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

1-24 വാഹനങ്ങളുടെ ഇൻഷ്വറൻസ് - സർക്കാർ ഉത്തരവ് പാലിച്ചില്ല.

GO(P) 819/2000/Fin/18.04.2000 നമ്പർ സർക്കാർ ഉത്തരവ് , 21.02.14- ലെ 16/14/Fin നമ്പർ സർക്കുലർ എന്നിവ പ്രകാരം, സർക്കാർ/ അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ ജനറൽ ഇൻഷ്വറൻസ് പോളിസികൾ സർക്കാരിന്റെ തന്നെ വകുപ്പായ കേരളാ സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് മുഖേന എടുക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ വാഹനത്തിന്റെ (നമ്പർ KL 36 A 4098 Bolero Jeep) ഇൻഷ്വറൻസ് ന്യൂ ഇന്ത്യാ അഷ്വറൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നുമാണ് എടുത്തിരിക്കുന്നത് . ആയതിലേക്കായി വൗച്ചർ നമ്പർ 2200037/17.8.20 പ്രകാരം 10972 രൂപ ചെലവഴിച്ചിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/16.12.21) നിർദ്ദേശം പാലിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

1-25 കുടിവെള്ള വിതരണം സർക്കാർ നിർദ്ദേശം പാലിച്ചില്ല.

25.3.20, 26.3.20, 29.3.20 തീയതികളിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്തതിന് 7500 രൂപ വൗച്ചർ നമ്പർ 22000214/18.6.20 പ്രകാരം പിൻവലിച്ച് ശ്രീ അജി എം.ബി , ആദിത്യഭവൻ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 500/2019 /ത.സ്വ.ഭ.വ തീയതി 2.3.19 പ്രകാരം ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗും ക്രോസ് ചെയ്ത് നോക്കി സുതാര്യത ഉറപ്പ് വരുത്തിയതിന് ശേഷമേ തുക ചെലവഴിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 4/16.12.21) മറുപടി ലഭ്യമായില്ല. അതിനാൽ 7500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 വിനിയോഗിക്കാൻ ബാക്കിവന്ന തുകയുടെ തിരിച്ചടവ് - രേഖകൾ ലഭ്യമായില്ല.

വൈക്കം ബ്ളോക്ക് പഞ്ചായത്തും ഉദയനാപുരം ഗ്രാമപഞ്ചായത്തും 2017-18 ൽ സംയുക്തമായി നിർവ്വഹിച്ച ഇലക്ട്രിക് ലൈൻ നീട്ടൽ എന്ന പ്രവൃത്തിക്ക് 200000 രൂപ ബ്ളോക്ക് വിഹിതം നൽകിയിരുന്നു. വിനിയോഗസാക്ഷ്യപത്രം പ്രകാരം 79176 രൂപയാണ് ചെലവഴിച്ചത് . ബാക്കി തുക 3604-00-911-99-ROP എന്ന ഹെഡിൽ തിരിച്ചടച്ച ശേഷം ചെലാൻ പകർപ്പ് ഹാജരാക്കാൻ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി B 2094 /2019 Dt 23.6.20 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. വൗച്ചർ നമ്പർ 22000234 / 25.6.20 പ്രകാരം 120824 രൂപ തുക തിരികെ അടക്കാനായി തനത് ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി യിൽ നിന്നും ചെലവഴിക്കാത്ത 120824 രൂപ തിരികെ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയതിന്റെയും ചെലാൻ പ്രകാരം ആയത് നിശ്ചിത ശീർഷകത്തിൽ തിരിച്ചടച്ചതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/16.12.21) മറുപടി ലഭ്യമായില്ല. ആയതിനാൽ 120824 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 കമ്പ്യൂട്ടർ ഹാർഡ് വെയർ,സോഫ്റ്റ് വെയർ - പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതിയിൽ ഓഫീസ് കമ്പ്യൂട്ടർവത്ക്കരണത്തിനു പ്രാധാന്യം നൽകി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെങ്കിലും കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിയ്ക്കുന്നതായി കാണുന്നില്ല. സർക്കുലർ നം.86/2010/ഫിൻ തീയതി 24-9-2010 പ്രകാരം കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്ന ഓഫീസുകളിൽ കമ്പ്യൂട്ടറുകളുടെ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതിയിൽപ്പെടുത്തി വികസനഫണ്ട്ചെലവഴിച്ച് കമ്പ്യൂട്ടറുകളും അനുബന്ധഉപകരണങ്ങളും വാങ്ങിയിട്ടുണ്ടെങ്കിലും, വിവിധ വർഷങ്ങളിൽ നടത്തുന്ന പർച്ചേസുകളായതിനാൽ വാറന്റി, എ.എം.സിയുടെ വിവരങ്ങൾ തുടങ്ങിയവ പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ട്. കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/17.12.21) മറുപടി ലഭ്യമായില്ല.

1-28 കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ സേവന രേഖകൾ പരിപാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അക്രഡിറ്റഡ് ഓവർസിയർ, അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് തൻവർഷം ആർജിതാവധി അനുവദിച്ചിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റിന് (തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 05.01.2018 ലെ ഐബി1/344/2016-തസ്വഭവ നമ്പർ കത്ത് പ്രകാരം 30 ആർജിതാവധി ഒരു വർഷം സറണ്ടർ ചെയ്യാം) 15 ആർജിതാവധിയും, അക്രഡിറ്റഡ് എൻജിനീയർ / ഓവർസിയർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് 18.05.2011 ലെ 18805/മഹാത്മാ ഗാന്ധി എൻ ആർ ഇ ജി എസ് സെൽ 01/10/സി ആർ ഡി സർക്കുലറിന്റെയടിസ്ഥാനത്തിൽ 15 ആർജിതാവധിയുമാണ് സറണ്ടർ ചെയ്യുവാൻ അനുവദിച്ചിട്ടുള്ളത്.

ഡ്യൂട്ടി കാലയളവ് കൃത്യമായി പരിശോധിച്ച് ആർജിച്ച അവധിയും സറണ്ടർ ചെയ്ത ആർജിത അവധിയും സംബന്ധിച്ച ലീവ് അക്കൗണ്ട് സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന്റെ വിശദാംശങ്ങളാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/18.12.21) മറുപടി ലഭ്യമായില്ല. ടി ജീവനക്കാർക്ക് സേവനപുസ്തകം തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

1-29 ടൂർ റ്റി.എ വിതരണം - വൗച്ചറുകൾ ലഭ്യമായില്ല.

ഗ്രാമപഞ്ചായത്ത് സ്റ്റാഫിന്റെ 6/18 മുതൽ 3/19 വരെയുള്ള ടൂർ റ്റി.എ വിതരണം ചെയ്യാൻ 29.5.19 ലെ 26(1) നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകാരം നൽകി. വൗച്ചർ നമ്പർ 22000239/30.6.20 പ്രകാരം 48809 രൂപ ഈ ഇനത്തിനായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ 42275 രൂപയുടെ വൗച്ചർ മാത്രമാണ് ഓഡിറ്റിന് ലഭ്യമായത് .

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/16.12.21) മറുപടി ലഭ്യമായില്ല. രേഖകൾ ലഭ്യമാക്കാത്ത 6534 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 ജി എസ് റ്റി ഈടാക്കിയിട്ടില്ല

CBEC സർക്കുലർ 65/39/2018-DOR തീയതി 14/09/2018 നമ്പർ സർക്കുലർ പ്രകാരം 1/10/2018 മുതൽ ഒറ്റ കോൺട്രാക്ടിൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലിൽ നിന്നും 2% ജി എസ് റ്റി ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ തുകയ്ക്ക് മുകളിൽ വാങ്ങൽ വരുന്ന താഴെപറയുന്ന പർചേസ് ബില്ലിൽ നിന്നും ജി എസ് റ്റി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ആകെ തുക | ഈടാക്കേണ്ടിയിരുന്ന |
|---|---|---|

| നം,പേര് | | തുക |
|---|---|---|
| 136/21എൽ .ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ | 431864/-(CFC)—Bill No-310/10.03.2021<br>7144/-(OWN)ch.no-911455/25.03.2021<br>ആകെ തുക-439008/- | 8780/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/20.12.21) മറുപടി ലഭ്യമായില്ല. തുക ഈടാക്കി സർക്കാറിലേയ്ക്ക് അടവാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

1-31 പുഴ,പുറമ്പോക്ക് സംബന്ധിച്ച രേഖകൾ തയ്യാറാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് (1994) സെക്ഷൻ 218 ൽ പ്രതിപാദിച്ചിരിക്കുന്ന മറ്റ് കാര്യങ്ങൾക്കൊപ്പം ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതിമുതൽ എല്ലാ ജലമാർഗ്ഗങ്ങളും (പഞ്ചായത്ത് പ്രദേശത്തും മറ്റ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതുമായ നദികളൊഴികെയുള്ളത്) നദികളുടെ തീരങ്ങളും തടങ്ങളും ചെറുപുഴകളും ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും കായലുകളും ജലമാർഗ്ഗങ്ങളും കെട്ടിനില്ക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും നീരുറവകളും ജലസംഭരണികളും കുളങ്ങളും നീർത്തടങ്ങളും ജലധാരകളും കിണറുകളും കാപ്പുകളും ചാലുകളും, സ്റ്റാൻഡ് പൈപ്പുകളും മറ്റ് ജലസംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. മേൽ സെക്ഷന്റെ ഉപ സെക്ഷൻ 2 പ്രകാരം ഇപ്രകാരം നിക്ഷിപ്തമായ മേല്പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെട്ട സർക്കാരിന്റെ എല്ലാ അവകാശങ്ങളും ബാധ്യതകളും ഒന്നാം ഉപവകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിരക്കുന്നതും അപ്രകാരം നിക്ഷിപ്തമാകുന്ന തീയതി മുതൽക്ക് അവ ഗ്രാമപഞ്ചായത്തിന്റെ അവകാശങ്ങളും ബാധ്യതകളുമായി തീരുന്നതുമാണ്. മേൽ പരാമർശിച്ച നിയമവ്യവസ്ഥകളും തുടർന്നുള്ള നിയമഭേദഗതികൾ മൂലവും സർക്കാർ ഉത്തരവുകൾ പ്രകാരവും നദീതീരവും പുറമ്പോക്കും സംരക്ഷിക്കുന്നതിന് നിയമപ്രകാരം റവന്യൂ വകുപ്പിലും പഞ്ചായത്തിലും നിക്ഷിപ്തമായ ചുമതല നിർവഹിക്കുന്നതിന്റെ ഭാഗമായി പുറമ്പോക്ക് സംബന്ധമായ വിവരങ്ങൾ റവന്യൂ/സർവ്വേ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തിയ രേഖകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-32 കാർഷിക ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല.

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നം 125/21 കർഷകർക്ക് പ്രളയത്തിൽ നഷ്ടപ്പെട്ട കാർഷികോപകരണങ്ങൾ നൽകൽ (ചെലവ് 1199961 രൂപ- വികസന ഫണ്ട് ജനറൽ- ബിൽ നമ്പർ KBU 16/17/20-21 തീയതി 05.11.20, 1323 ഗുണഭോക്താക്കൾ) പദ്ധതി പ്രകാരം 1199961 രൂപയും പ്രോജക്ട് നം 126/20-21 കർഷകർക്ക് പ്രളയത്തിൽ നഷ്ടപ്പെട്ട കാർഷികോപകരണങ്ങൾ നൽകൽ എസ്.സി (ചെലവ് 499757 രൂപ- വികസന ഫണ്ട് എസ്.സി.പി- ബിൽ നമ്പർ KBU 16/23/20-21 തീയതി 11.02.21, 551 ഗുണഭോക്താക്കൾ) പദ്ധതി പ്രകാരം 499757 രൂപയും (ആകെ 1699718 രൂപ) കാർഷികോപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് (അക്കൗണ്ട് നം 0719261005099- കാനറ ബാങ്ക്) എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിന്ന് ലഭ്യമായിട്ടുള്ള കാർഷികോപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഇൻവോയിസ് നം | കാർഷികോപകരണം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|---|
| 125/20-21 കർഷകർക്ക് പ്രളയത്തിൽ നഷ്ടപ്പെട്ട | MIL/INV00131 /19-20 Dated | B.H Quintani 5 ¼" 1 Mtr.GP 1.8 | 1323 | 493 | 652239 |

| | | | | | |
|---|---|---|---|---|---|
| കാർഷികോപകരണങ്ങൾ നൽകൽ | 28.09.20 | MTY WCP TCR 1.8 Kg | 1323 | 280 | 370440 |
| | MIL/TR 0037/19-20 Dated 28.09.20 | Sickle Wooden Handle | 1323 | 134 | 177282 |
| 126/20-21 കർഷകർക്ക് പ്രളയത്തിൽ നഷ്ടപ്പെട്ട കാർഷികോപകരണങ്ങൾ നൽകൽ- എസ്.സി | MIL/INV00130 /19-20 Dated 28.09.20 | B.H Quintani 5 ¼" 1 Mtr.GP 1.8 | 551 | 493 | 271643 |
| | | MTY WCP TCR 1.8 Kg | 551 | 280 | 154280 |
| | MIL/TR 0036/19-20 Dated 28.09.20 | Sickle Wooden Handle | 551 | 134 | 73834 |
| ആകെ | | | | | 1699718 |

പ്രസ്തുത ഉപകരണങ്ങൾ ലഭ്യമായതായും XI നമ്പർ സ്റ്റോക്ക് രജിസ്റ്ററിന്റെ 154,155 പേജുകളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളതായും നിർവ്വഹണോദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പരിശോധനക്ക് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 1624 ഗുണഭോക്താക്കൾക്ക് മാത്രമാണ് പ്രസ്തുത ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളത്. മാത്രമല്ല 21.12.2021 തീയതിയിൽ നടത്തിയ ഭൗതീക പരിശോധനയിൽ കാർഷികോപകരണങ്ങൾ കൃഷി ഭവനോട് ചേർന്ന കെട്ടിടത്തിൽ കൂട്ടയിട്ടിരിക്കുന്നതായി കണ്ടു. പ്രസ്തുത കാർഷികോപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (41/21.12.21) കാർഷികോപകരണങ്ങൾ 1874 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതായിരുന്നെങ്കിലും നിലവിലെ ഗുണഭോക്തൃ ലിസ്റ്റിലെ അപാകതകൾ മൂലവും കോവിഡ് നിയന്ത്രണങ്ങൾ മൂലവും 250 ഗുണഭോക്താക്കൾക്ക് പ്രസ്തുത കാർഷികോപകരണങ്ങൾ വിതരണം ചെയ്യാൻ സാധിച്ചില്ലയെന്നും പഞ്ചായത്തിൽ നിന്ന് അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റ് കിട്ടുന്ന മുറക്ക് ഇവ വിതരണം ചെയ്തു തീർക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന കാർഷികോപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ ടി പ്രോജക്ടിനായി ചെലവഴിച്ച 1699718 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-33 കുഴിച്ചെടുത്ത മണ്ണ് നാളിതുവരെ ലേലം ചെയ്യാത്തതു സംബന്ധിച്ച്

അക്കരപ്പാടം സ്കൂളിൽ ഡ്രെയിൻ നിർമ്മാണവുമായി (പ്രോജക്ട് നം-172/18-19 ) ബന്ധപ്പെട്ട്81.20 M3 റെഡ് എർത്ത്(book Value-81. 20M3, Assesed Value- 52.78 M3) കുഴിച്ചെടുത്തിട്ടുണ്ട്. ടി മണ്ണ് കുഴിച്ചെടുത്തതുമായി ബന്ധപ്പെട്ട റിപ്പോർട്ട് 08.04.2019-ൽ അസിസ്റ്റന്റ് എൻജിനീയർ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മണ്ണ് ലേലം ചെയ്തതായി രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 45/22.12.21)മറുപടി ലഭ്യമാക്കിയില്ല. തുടർനടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-34 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - വിതരണ വിവരമില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ വിതരണം 120/21 |
| ചെലവ് തുക , ഫണ്ട് | 5000 ( വികസനഫണ്ട് റ്റി.എസ്.പി) |

| | |
|---|---|
| | 6970 (തനത് ഫണ്ട്) വൗച്ചർ നം. 22000420/31.03.21 തുക 6970 |
| ബിൽ നമ്പർ, തീയതി | 15/27.3.21 |
| നിർവ്വഹണോദ്യോഗസ്ഥ | അസി. സെക്രട്ടറി |

എസ്. റ്റി വിഭാഗത്തിൽപെട്ട 3 വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുകയായിരുന്ന പ്രോജക്ടിന്റെ ലക്ഷ്യം. കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്കേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഒരു കട്ടിലിന് 3990 രൂപ നിരക്കിൽ 3 കട്ടിൽ വാങ്ങുകയും ചെയ്തു. ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും ഓഡിറ്റിന് ഹാജരാക്കി. എന്നാൽ കൈപ്പറ്റ് രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/18.12.21) വ്യക്തമായ മറുപടി ലഭിച്ചില്ല. അപാകത പരിഹരിച്ച് കൈപ്പറ്റ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-35 പൈപ്പ് കണക്ഷൻ സബ്സിഡി - ഗുണഭോക്തൃലിസ്റ്റിൽ പേരില്ലാത്തവർക്ക് നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | 73/21 പൈപ്പ് കണക്ഷൻ സബ്സിഡി (എസ്.സി) |
| ചെലവ് തുക , ഫണ്ട് | 280891 (വികസനഫണ്ട് എസ്.സി.പി) |
| ബിൽ നമ്പർ, തീയതി | 10,11,12,13,14/27.3.21 |
| നിർവ്വഹണോദ്യോഗസ്ഥ | അസി. സെക്രട്ടറി |

എസ്. സി വിഭാഗത്തിൽപെട്ട 27 ഗുണഭോക്താക്കൾക്ക് പൈപ്പ് കണക്ഷന് സബ്സിഡി നൽകുകയായിരുന്ന പ്രോജക്ടിന്റെ ലക്ഷ്യം. യഥാർത്ഥ ചെലവ് തുകയാണ് സബ്സിഡിയായി നൽകിയത്. ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

| വ്യക്തിയുടെ പേര് | വാർഡ് |
|---|---|
| മാധവൻ വടക്കനാവേലിൽ | 6 |
| ഉഷ രാധാകൃഷ്ണൻ , തച്ചനാടിക്കുഴിയിൽ | 5 |
| രമ കെ.എ , പടിഞ്ഞാറേക്കര | 10 |
| പ്രഭാകരൻ , വേമ്പനാലിൽ | 10 |
| തങ്കച്ചൻ , അറുപറത്തറ | 3 |
| ബീന പി കെ | 5 |
| കുമാരൻ, വട്ടത്തറ | 5 |
| ജയമോൻ കണാകേരിൽ | 10 |
| വി.ജി ഹരിഹരൻ,ദേവ് നിവാസ് | 2 |
| സജീവ് കുമാർ, മുല്ലകേരിൽ | 10 |
| ലീലാമണി ഇടക്കേരിത്തറ | 10 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 20/18.12.21) നൽകുകയുണ്ടായി. ടി

ഗുണഭോക്താക്കളുടെ പേര് ഗ്രാമസഭയിൽ അംഗീകാരം ലഭിച്ചിരുന്നതാണെന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്. എന്നാൽ ടി വാർഡുകളിലെ ഗ്രാമസഭാ മിനിറ്റ്സ് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ മറുപടി പരിശോധിച്ച് ബോദ്ധ്യപ്പെടാനായില്ല. മിനിറ്റ്സുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ തൊട്ടടുത്ത ഗ്രാമസഭയിൽ അംഗീകരിക്കുകയോ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-36 വരുമാനസർട്ടിഫിക്കറ്റ് പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 5/21 |
| പ്രോജക്ടിന്റെ പേര്, ഫണ്ടിനം | ആട് വളർത്തൽ<br>വികസനഫണ്ട് ( ജനറൽ) |
| ചെലവ് | 132000/- വികസനഫണ്ട് ( ജനറൽ)<br>168000/- ഗുണഭോക്തൃവിഹിതം |
| ബിൽ നമ്പർ , തീയതി | 5,6/20-21 , 26.3.21<br>10/ 20-21 , 29.3.21 |
| നിർവ്വഹണോദ്യാഗസ്ഥൻ | വെറ്ററിനറി സർജൻ |

ജനറൽ വിഭാഗത്തിൽ പെടുന്ന 22 ഗുണഭോക്താക്കൾക്ക് ആടിനെ വാങ്ങിയതിന് 6000 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട് ( യൂണീറ്റ് കോസ്റ്റ് 12000 ). തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) 22/18 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6.2 പ്രകാരം ആട് വളർത്തൽ പദ്ധതിക്ക് ജനറൽ / പട്ടികജാതി വിഭാഗങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ ഗുണഭോക്താക്കളുടെ വരുമാനം തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി ദീപാകുമാരി മന്ദാരംതറയിൽ എന്ന ഗുണഭോക്താവിന്റെ റേഷൻകാർഡ് പ്രകാരം കുടുംബത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാരൻ ഉള്ളതായി കാണുന്നു. എന്നാൽ കുടുംബ വാർഷിക വരുമാന പരിധി തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/21.12.21 ) മറുപടി ലഭ്യമായില്ല. അതിനാൽ 132000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-37 ആട് വളർത്തൽ - രേഖകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 6/21 |
| പ്രോജക്ടിന്റെ പേര്, ഫണ്ടിനം | ആട് വളർത്തൽ<br>വികസനഫണ്ട് ( എസ്.സി.പി) |
| ചെലവ് | 243000/- വികസനഫണ്ട് ( എസ്.സി.പി)<br>81000/- ഗുണഭോക്തൃവിഹിതം |
| ബിൽ നമ്പർ , തീയതി | 7,8,11/20-21 , 26.3.21 |
| നിർവ്വഹണോദ്യാഗസ്ഥൻ | വെറ്ററിനറി സർജൻ |

എസ്.സി വിഭാഗത്തിൽ പെടുന്ന 27 ഗുണഭോക്താക്കൾക്ക് ആടിനെ വാങ്ങിയതിന് 9000 രൂപ വീതം

സബ്സിഡി അനുവദിച്ചിട്ടുണ്ട് ( യൂണീറ്റ് കോസ്റ്റ് 12000 ). തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) 22/18 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6.2 പ്രകാരം ആട് വളർത്തൽ പദ്ധതിക്ക് ജനറൽ / പട്ടികജാതി വിഭാഗങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ ഗുണഭോക്താക്കളുടെ വരുമാനം തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഗുണഭോക്താക്കൾ എസ്.സി വിഭാഗത്തിൽ പെടുന്നതാണെന്ന് തെളിയിക്കുന്ന ജാതിസർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി രാധാമണി താഴത്ത്തറയിൽ , ശ്രീമതി ശോഭനാതങ്കപ്പൻ വിപിൻ നിവാസ് എന്ന ഗുണഭോക്താക്കളുടെ റേഷൻകാർഡ് പ്രകാരം കുടുംബത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാരൻ ഉള്ളതായി കാണുന്നു. എന്നാൽ കുടുംബ വാർഷിക വരുമാന പരിധി തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/21.12.21) മറുപടി ലഭ്യമായില്ല. അതിനാൽ 243000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 ഹരിത കർമ്മസേനയുടെ രൂപീകരണവും അജൈവ മാലിന്യ ശേഖരണവും- തുടർ പ്രവർത്തനം നടക്കുന്നില്ല

കുടുംബശ്രീയിൽ നിന്നും തെരഞ്ഞെടുത്ത അംഗങ്ങളെ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തിൽ ഹരിത കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. ഹരിത കർമ്മസേന അജൈവമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് സൂക്ഷിക്കുന്നതിന് പഞ്ചായത്തിലെ 17 വാർഡുകളിലും മിനി എം.സി. എഫ് നിർമ്മിച്ചതായോ, പഞ്ചായത്തിൽ പൊതുവായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്റർ നിർമ്മിച്ചതായോ വ്യക്തമല്ല. ഹരിത കർമ്മസേന അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള പ്രോജക്റ്റ്, വയബിലിറ്റി ഗ്യാപ് നൽകുന്നതിനുള്ള പ്രോജക്റ്റ് എന്നിവ നിർവ്വഹിച്ചിട്ടില്ല. എല്ലാ വാർഡുകളിൽ നിന്നും യൂസർ ഫീ കളക്റ്റ് ചെയ്യുന്നില്ല.

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നം.10394-ഡി-2017/കെ.എസ്.എച്ച്.ഒ തീയതി 23.4.2018 പ്രകാരം തരംതിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററിൽ നിന്ന് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററിലേക്ക് എത്തിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ബന്ധപ്പെട്ട് തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. മേൽ ഉത്തരവിന്റെ ഖണ്ഡിക 6.1 പ്രകാരം ഹരിതകർമ്മസേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സേനയുടെ പ്രവർത്തന മേഖലയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുക, സേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ട നിയമപരമായ ഇടപെടലുകൾ നടത്തുക എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളാണ്. കൂടാതെ സ.ഉ (സാധാ) നം.2420/2017/തസ്വഭവ തീയതി 15.7.17 ഖണ്ഡിക 3(17) പ്രകാരം ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ പുന:ചംക്രമണം ചെയ്യുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സാധ്യമായിടങ്ങളിൽ ക്ലീൻ കേരള കമ്പനിയുമായി (ആവശ്യമെങ്കിൽ അനുയോജ്യമായ മറ്റ് സ്ഥാപനങ്ങളുമായും) കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. മാലിന്യസംസ്കരണത്തിന് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ ആവിഷ്കരിക്കുകയോ പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല. അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങൾ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിത കർമ്മസേനയെ പരിശീലിപ്പിക്കേണ്ടതാണ്. മേൽ സൂചിത വിഷയത്തിൻ മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 27/20.12.21) മറുപടി ലഭ്യമായില്ല. അപാകത

പരിഹരിക്കേണ്ടതാണ്.

1-39 കൃഷി ഓഫീസ് &മൃഗാശുപത്രി അറ്റകുറ്റപ്പണി- പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല, മറ്റ് അപാകതകൾ.

പ്രോജക്റ്റ് നം. 169/21 (സ്പിൽ ഓവർ)

അടങ്കൽ- 300000രൂപ

ചെലവ്- 81362/-(ബിൽ നം-67/31.03.2021)

കരാറുകാരന്റെ പേര്-സുധീർ രാജപ്പൻ

എഗ്രിമെന്റ് നം-25/AE/LSGD/UPT/2019-20 Dt. 16.12.2019

കൃഷി ഓഫീസ് &മൃഗാശുപത്രി കെട്ടിടങ്ങൾ മെയിന്റനൻസ് നടത്തുന്നതിനുള്ളതാണ് ടി പ്രോജക്റ്റ്. ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരൻ ശ്രീ സുധീർ രാജപ്പന് 02.12.2019 ലാണ് സെലക്ഷൻ നോട്ടീസ് നൽകിയത്. 16.12.2019 ലാണ് ടിയാൻ അസിസ്റ്റന്റ് എൻജിനീയറുമായി കരാറിലേർപ്പെട്ടത്. അന്നു തന്നെ സൈറ്റ് കൈമാറിയതായും കാണുന്നു. യഥാർത്ഥ എഗ്രിമെന്റ് പ്രകാരം 15.06.2020 നാണ് വേല പൂർത്തീകരിക്കേണ്ടിയിരുന്നത്. എന്നാൽ 19.03.2021- നാണ് പ്രവൃത്തി പൂർത്തീകരിച്ചത്. കാലതാമസം ഉണ്ടായതിന് ഫൈൻഈടാക്കിയതായി എം ബുക്കിൽ സൂചിപ്പിച്ചിട്ടില്ല. ഈടാക്കേണ്ടിയിരുന്ന ഫൈൻ എസ്റ്റിമേറ്റഡ് PAC യായ 267241.51 രൂപയുടെ 1% ആയ 2672 രൂപയായിരുന്നു. കരാർ പ്രകാരം പൂർത്തീകരണ കാലാവധി 15.06.2020 ആയിരുന്നു. ആയത് 19.03.2021- വരെ ദീർഘിപ്പിച്ചു നൽകിയതായി കാണുന്നില്ല. (നിയമാനുസൃത ഫൈൻ ഈടാക്കാതെ). 300000രൂപ വരെ പ്രോജക്റ്റിനായി വകയിരുത്തിയിരുന്നു. ടി കാലാവധിക്കുള്ളിൽ കൃഷി ഭവൻ കെട്ടിടത്തിന്റെ ഗോഡൌൺ റൂം ഒഴികെയുള്ളവ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ 81362/ രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കിയതായി കാണുന്നില്ല. പൂർത്തീകരണ കാലാവധി പിന്നീട് ദീർഘിപ്പിച്ചു നൽകിയതായോ സപ്ലിമെന്ററി കരാർ ചമച്ചതായോ കാണുന്നില്ല. പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച് കരാറുകാരനുമായി ആശയവിനിമയം നടത്തിയതായും കാണുന്നില്ല. മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (46/23.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കുന്നതുവരെ ടീയിനത്തിൽ ചെലവഴിച്ച 81362/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-40 മുണ്ട് കാട് വർക്ക് ഷെഡ് - പ്രവർത്തനക്ഷമമമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | മുണ്ട് കാട് വർക്ക് ഷെഡ്-അറ്റകുറ്റപ്പണികൾ |
| പ്രോജക്റ്റ് നം. | 156/21 |
| നിർവ്വഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് എൻജിനീയർ |
| വകയിരുത്തിയ തുക | 297500/-(വികസനഫണ്ട് എസ്.സി.പി) |
| ചെലവ് തുക | 297096/-(ബിൽ നം. -21/04/2020) |

ചെറുകിട തൊഴിൽ സംരംഭങ്ങൾ നടത്തുന്നതിന് വേണ്ടി നിർമ്മിച്ച വ്യവസായ കേന്ദ്രമാണിത്. എന്നാൽ ഇത് പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കാൻ പര്യാപ്തമാകും വിധം പ്രവർത്തനക്ഷമമാക്കിയിട്ടില്ല. നിലവിൽ 15-ാം വാർഡിലെ ഗ്രാമസഭായോഗങ്ങൾക്ക് വേണ്ടിയാണ് ടി കെട്ടിടം ഉപയോഗിക്കുന്നതെന്ന്

മിനിട്ട്സിൽ നിന്നും വ്യക്തമായിട്ടുണ്ട്. 111/10 നം. പ്രോജക്ട് പ്രകാരം 2009-10 സാമ്പത്തിക വർഷം (കെട്ടിടം നിർമ്മിക്കുന്നതിന് 1121085 രൂപ ചെലവഴിച്ചിട്ടുണ്ട്. ദീർഘവീക്ഷണമില്ലാതെയും ശരിയായ സാധ്യതാപഠനം നടത്താതെയും നടപ്പിലാക്കിയത് കാരണമാണ് ഇത് പ്രയോജനപ്പെടാതെ പോയത്. എസ്.സി വർക്ക് ഷെഡ് എന്ന പ്രോജക്ട് തയ്യാറാക്കി ഒരു കെട്ടിടം നിർമ്മിക്കുക മാത്രമെ ചെയ്തിട്ടുള്ളൂ. ഓഡിറ്റ് വർഷം 297096/- രൂപ ചെലവഴിച്ച് അറ്റകുറ്റപ്പണിയും ചെയ്തിട്ടുണ്ട്. മുൻ വർഷം തൊഴിൽ പരിശീലനത്തിനായി വൻതുക ചെലവഴിച്ച് ഉപകരണങ്ങൾ (എംബ്രോയിഡറി മെഷീൻ) വാങ്ങി സൂക്ഷിച്ചിരിക്കുന്നതായി 21/12/2021-ൽ നടത്തിയ ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. 14.2 ലക്ഷം രൂപ ചെലവഴിച്ച കെട്ടിടം തൊഴിൽ പരിശീലനത്തിനായി പ്രയോജനപ്പെടുത്താൻ തീരുമാനിച്ചതിന്റെ വിശദാംശങ്ങൾ (കമ്മറ്റിതീരുമാനം ഉൾപ്പെടെ) ഓഡിറ്റിനു ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (47/23.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടം നിഷ്ക്രിയാസ്തി ആകാതിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വരശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

1-41 എയ്റോബിൻ നിർമ്മാണം-തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | 130/21 |
| അടങ്കൽ | 520000 |
| ചെലവ്-(കേന്ദ്രാവിഷ്കൃത ഫണ്ട്) | 449868 |
| നിർവഹണഉദ്യോഗസ്ഥൻ- | സെക്രട്ടറി |
| ചെക്ക് നം. 983956/28.01.21 | |

1. ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി ഉദയനാപുരം, പഞ്ചായത്ത് ഓഫീസ്, നാനാടം മാർക്കറ്റ് എന്നീ മൂന്ന് സ്ഥലങ്ങളിൽ എയ്റോബിൻ നിർമ്മിക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ-എക്കണോമിക് യൂണിറ്റ് എന്ന സ്ഥാപനവുമായി11.03.2019ൽ കരാർ വെയ്ക്കുകയും നാല് ബിന്നുകൾക്ക് 579868/-രൂപയുടെ 20% തുകയായ130000/-രൂപ ഏജൻസിക്ക് മുൻവർഷംനൽകിയിട്ടുണ്ട്.
2. 2020-21 ഓഡിറ്റ് വർഷം ശേഷിയ്ക്കുന്ന തുകയായ449868/--നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി ഉദയനാപുരം, പഞ്ചായത്ത് ഓഫീസ്, നാനാടം മാർക്കറ്റ് എന്നിവിടങ്ങളിൽ എയ്റൊബിൻ പ്രോജക്ട് പൂർത്തീകരിച്ചതായി സൂചിപ്പിച്ചിട്ടുണ്ട് . ഭൗതികപരിശോധനയിൽ എയ്റോബിൻ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നിലവിൽ പ്രവൃത്തിക്കുന്നില്ലാത്തതായി കാണുന്നു. എയ്റോബിൻ പ്രവർത്തിപ്പിയ്ക്കുന്നതിനായി സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.
മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുന്നതു വരെ ഓഡിറ്റ് വർഷം ചെലവഴിച്ച 449868/- രൂപ തടസ്സപ്പെടുത്തുന്നു. എയ്റോബിൻ പ്രവർത്തനക്ഷമമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-42 തെരുവുവിളക്ക് പരിപാലനപ്രോജക്ടുകൾ - പൊതുമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾപാലിച്ചിട്ടില്ല

20-21 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തെരുവുവിളക്ക് വാങ്ങലും പരിപാലനവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനം | പ്രോജക്ട് | ചെലവ് | ബിൽ/ചെക്ക് നമ്പർ |
|---|---|---|---|
| 1 | 136/21-തെരുവുവിളക്ക് വാങ്ങലും | 431864/-(സി.എഫ്.സി)<br>7144/-(തനതുഫണ്ട്) | 2/15-5-20 |

| | | | |
|---|---|---|---|
| | മെയിന്റനൻസും | | |
| | 132/21-തെരുവുവിളക്ക് ലേബർചാർജ് | 445550 (സി.എഫ്.സി) | 854400/25-9-20 |
| | ആകെ | 884558 | |

ഗ്രാമപഞ്ചായത്തിലെ കേടായ വഴിവിളക്കുകൾ നന്നാക്കി പ്രവർത്തനക്ഷമമാക്കുന്നതിനും പുതിയ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുമായി മേൽപ്പറഞ്ഞ പ്രോജക്ടുകൾപ്രകാരം തൻവർഷം 884558/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തുകളുടെ തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറുടെ 17-8-15-ലെ ജി.2-44274/15 പൊതുമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

2) ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടേയും വിവരങ്ങൾ പോസ്റ്റ്നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്ററും തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പുസ്തകവും സൂക്ഷിക്കുന്നില്ല. ഇതിന്റെ അഭാവം മൂലം തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിയുടെ കൃത്യതയും സുതാര്യതയും ഓഡിറ്റിൽ വിലയിരുത്താൻ സാധിച്ചിട്ടില്ല.

3)ഓരോ വാർഡിലും കേടായ വിളക്കുകളുള്ള പോസ്റ്റുകൾ ഏതെല്ലാമാണെന്നും തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം, പോസ്റ്റ നമ്പർ, വിളക്കുകളുടെ എണ്ണം, സ്ഥാപിക്കുന്നതിനാവശ്യമായ അനുബന്ധ സാമഗ്രികൾ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി-യുടെ സഹകരണത്തോടെ സംയുക്തപരിശോധന നടത്തി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4) തെരുവുവിളക്കുകൾ പോസ്റ്റുകളിൽ കയറി നന്നാക്കുന്നതിന് കെ.എസ്.ഇ.ബി-യുടെ അനുമതി വാങ്ങിയിട്ടില്ല.

5)ഗ്രാമപഞ്ചായത്തിലെ തെരുവിളക്കുകളുടെ വാർഡുതിരിച്ചുള്ള എണ്ണം, ഇനം, കൺസ്യൂമർ നമ്പർ എന്നിവ വ്യക്തമാക്കുന്ന തരത്തിൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാലും പരാതി രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും കേടാകുന്ന വിളക്കുകളുടെ വിവരവും ഓരോ വാർഷികപദ്ധതികളിലും മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്ന വിളക്കുകൾ ഏതെല്ലാമാണെന്നും വ്യക്തമല്ല. മേൽവിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (17/17.12.2021) മറുപടി ലഭ്യമായില്ല.

ഗ്രാമപഞ്ചായത്തുകളുടെ തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ സർക്കാർ കാലാനുസൃതമായി പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും പഞ്ചായത്ത് ഡയറക്ടറുടെ 17.8.15-ലെ ജി2-44274/15 പൊതുമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചും ആയിരിക്കേണ്ടതാണ്.

### 1-43 ലൈഫ് പദ്ധതി -നിർമ്മാണം പൂർത്തീകരിച്ച വീടുകൾ അസസ്സ് ചെയ്യുന്നതു സംബന്ധിച്ച്

ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളും Conservation Of Paddy Land And Wetland Act 2008 (Kerala) ന്റെ പരിധിയിൽ വരുന്നതാണ്. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ 232 വീടുകൾക്കായി (ജനറൽ) തുക നൽകിയിട്ടുണ്ട്. പ്രസ്തുത വീടുകളിൽ നിർമ്മാണം പൂർത്തീകരിച്ചവ അസ്സസ് ചെയ്ത് കെട്ടിട നമ്പർ നൽകിയതായി കാണുന്നില്ല. Conservation Of Paddy Land And Wetland Act 2008(Kerala) ന്റെ പരിധിയിൽ വരുന്ന ഭൂമിയാണ് എന്ന കാരണത്താലാണ് കെട്ടിടം അസ്സസ്സ് ചെയ്യാത്തത്. എന്നാൽ അസ്സസ് ചെയ്ത് കെട്ടിട നമ്പർ നൽകുന്നതുമായി ബന്ധപ്പെട്ട് W.A No.1007 Of 2020 24.09.2020 കോടതി ഉത്തരവ് നിലവിലുണ്ട്. പ്രസ്തുത ഉത്തരവിലെ തീരുമാനങ്ങൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിനായി നിയമാനുസൃത ഉത്തരവ് ലഭിക്കുന്നതിലേയ്ക്ക് സർക്കാർ നിർദ്ദേശം തേടേണ്ടതാണ്.

1-44 ലൈഫ് ഭവനപദ്ധതി (എസ്.സി) - നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ.

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിവരുന്ന ലൈഫ് ഭവനപദ്ധതി (എസ്.സി) എന്ന പ്രോജക്ടിനായി ഓഡിറ്റ് വർഷം വരെ 63 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടു. 21 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കി. 16 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ ആദ്യഗഡു കൈപ്പറ്റിയതിനുശേഷം ഭവനനിർമ്മാണത്തിൽ യാതൊരു പുരോഗതിയും കൈവരിക്കാത്തവരാണ്. മറ്റുള്ളവർ ഭവനനിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകളിലാണ്. ശ്രീമതി സുമതി മുക്കത്ത്പടി, ജിജിമോൻ, പ്രകാശൻ, ബീനകുമാരി, പ്രിൻസ് അത്തിത്താഴം, സാവിത്രി മുരിങ്ങാടിച്ചിറ, അശ്വനി കരുണാകരൻ വേമ്പനാലിൽ, ഷൈലശ്രീ വൈപ്പോർകാട്ട്, ദേവരാജൻ ഇടക്കാട്ടിൽ, ഉമേഷ് കുഴിക്കാട്ട് ചിറയിൽ, ലീല കെ തറയിൽ, മാധവൻ പരുത്തിമൂടി, സന്ധ്യമഹേഷ് കിഴക്കേആറ്റുമംഗലത്ത് മനോജ് കെ .കെ കുഴിക്കാട്ട് ചിറ, രാജു ഒ.പി കരീത്തറ, സുരേന്ദ്രൻ എന്നീ ഗുണഭോക്താക്കൾ ആദ്യഗഡുവായ 40000 കൈപ്പറ്റിയ ശേഷം ഭവനനിർമ്മാണത്തിൽ നാളിതുവരെ യാതൊരു പുരോഗതിയും കൈവരിക്കാത്തവരാണ്. ടി വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി ഇടപെട്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈഫ് ഭവനപദ്ധതിയുടെ രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല. ഓരോ ഗുണഭോക്താവിനും പ്രത്യേക പേജിൽ പേര് രേഖപ്പെടുത്തി ഓരോ ഘട്ടത്തിലും നൽകിയ പേയ്മെന്റുകൾ ബിൽ നമ്പർ സഹിതം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

1-45 ഹോമിയോ ആശുപത്രിയിലേക്കുള്ള മരുന്നുകൾ ലഭ്യമായില്ല-

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥയായ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നമ്പർ 28/21 ചെലവ് - 300000 രൂപ -റോഡിതരം) 300000 രൂപ ഹോംകോ മാനേജിംഗ് ഡയറക്ടറുടെ 34306403911 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് (ബിൽ നമ്പർ- 01/20-21, തീയതി 12.10.20, 300000 രൂപ). എന്നാൽ ഹോംകോയിൽ നിന്ന് ലഭ്യമാക്കിയ 13.08.21 തീയതിയിലെ എൽ.എഫ്-1044 നമ്പർ ഇൻവോയിസ് പ്രകാരം 148612 രൂപയുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 151388 രൂപയുള്ള മരുന്നുകൾ (300000-148612= 151388) ലഭ്യമാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/21.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 151388 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്.

1-46 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

പി.എച്ച്.സിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി വിവിധ പ്രോജക്ടുകൾ പ്രകാരം കെ.എം.എസ്.സി.സി എന്ന സ്ഥാപനത്തിന് സംരക്ഷണ ഗ്രാന്റ് റോഡിതരത്തിൽ നിന്നും (അക്കൗണ്ട് നം- 10960200004870) 497732 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ സ്ഥാപനം ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് പ്രസ്തുത മരുന്നുകൾ നാളിതു വരെ ലഭ്യമായതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ബില്ലിന്റെ വിശദാംശങ്ങൾ | ലഭിക്കാനുള്ള മരുന്നുകൾതുക (രൂപ) |
|---|---|---|---|
| 1 | നം.27- പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ. ചെലവ്- 297817 രൂപ | ബിൽ നം- 10/21 തീയതി 19.01.21. 136363 രൂപ. | 121787 |
| | | ബിൽ നം- 14/21 | 745 |

| | | | |
|---|---|---|---|
| | | തീയതി 17.03.21. 56787 രൂപ. | |
| 2 | നം.231- ജീവൻ രക്ഷാ മരുന്നുകൾ ലഭ്യമാക്കൽ ചെലവ് 199915 രൂപ | ബിൽ നം- 16/21 തീയതി 25.03.21 45379 രൂപ. | 5644 |
| | ആകെ | | 128176 |

128176 രൂപയുള്ള മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/21.12.21) മറുപടി നൽകിയിട്ടില്ല. ആയതിനാൽ മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്.

### 1-47 കന്നുകുട്ടിപരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കന്നുകുട്ടിപരിപാലനം എന്ന പ്രോജക്ടിനായി (നമ്പർ 3/21) വികസനഫണ്ടിൽ നിന്നും 500000 രൂപ പിൻവലിച്ച് (ബിൽ നം. 3/18.03.21) അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം കോട്ടയത്തിന് നൽകിയിട്ടുണ്ട്. 40 ഗുണഭോക്താക്കൾക്ക് 12500 രൂപ വീതമാണ് സബ്സിഡി നൽകിയത്. വല്ലകം ക്ഷീരസംഘത്തെയാണ് കാലിത്തീറ്റ വിതരണത്തിന് ചുമതലപ്പെടുത്തിയത്. കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രോജക്ടിന്റെ നിർവ്വഹണകാലയളവിനു ശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

### 1-48 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല – തുക തടസ്സപ്പെടുത്തുന്നു.

1) അംഗനവാടി വൈദ്യുതീകരണം - 98-ാം നമ്പർ അംഗനവാടി

വാർഡ് രണ്ടിലെ 98-ാം നമ്പർ അംഗനവാടി വൈദ്യുതീകരണത്തിന് 19-20 ൽ 15328 രൂപ നൽകിയിരുന്നു. തൻവർഷം വൗച്ചർ നമ്പർ 22000301/28.7.20 പ്രകാരം 37387 രൂപ കൂടി കെ.എസ്.ഇ.ബിയ്ക്ക് നൽകി. തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല.

2)പോസ്റ്റ് ഷിഫ്റ്റിംഗ് - വാർഡ് 9

വാർഡ് 9 ലെ ചെട്ടിത്തറ വടക്കേക്കര റോഡിലെ ത്രീഫേസ് ലൈനിലെ നാല് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ വൗച്ചർ നമ്പർ 22000607/4.11.20 പ്രകാരം 38,830 രൂപ പിൻവലിച്ച് കെ.എസ്.ഇ.ബിക്ക് നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല.

3) വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗവിവരം ലഭ്യമായില്ല .

രണ്ടാം വാർഡിൽ പൊതുടാപ്പ് വിച്ഛേദിക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 22000210/ 16.6.20 പ്രകാരം 10000 രൂപ ചെലവഴിച്ചിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായില്ല.

അപാകത ചൂണ്ടിക്കാട്ടി സമർപ്പിച്ച ഓഡിറ്റ് എൻക്വയറികൾക്ക് (നമ്പർ 8/16.12.21, 14/17.12.21, 3/16.12.21) വ്യക്തമായ മറുപടി ലഭ്യമായില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിലേക്കായി 86217 ( 37387 + 10000 + 38,830 ) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | 15.12.2017 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1360000 | ലൈഫ് ഭവന പദ്ധതി (എസ്.സി) 54/21 | 1360000 | |
| ബ്ലോക്ക് പഞ്ചായത്ത് | 580000 | ലൈഫ് എസ്.സി.പി118/21 | 580000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 930000 | ലൈഫ് 49/21 | 930000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 50000 | അംഗനവാടി പോഷകാഹാരം9/21 | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | ഭിന്നശേഷി സ്കോളർഷിപ്പ്46/21 | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | സമഗ്രനെൽകൃഷി8/21 | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | സമഗ്രനെൽകൃഷി വികസനം – ജനറൽ 140/21 | 100000 | 0 |
| ആകെ | | 3270000 | 3270000 | 0 |
| ജില്ലാ പഞ്ചായത്ത് | 480000 | ലൈഫ് ഭവന പദ്ധതി (എസ്.സി) 54/21 | 480000 | 0 |
| ജില്ലാ പഞ്ചായത്ത് | 560000 | ലൈഫ് എസ്.സി.പി. 118/21 | 560000 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 205250 | ഭിന്നശേഷി സ്കോളർഷിപ്പ് 46/21 | 205250 | 0 |
| ആകെ | 1245250 | | 1245250 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ് ഇ ബി | 58/21 പട്ടക്കൽ ഇടക്കാട്ടിൽ റോഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 375/24.03.2021 | 99906 | 99906 | |
| കെ.എസ് ഇ ബി | 59/21ആലുംതറ -പുളിഞ്ഞനാട് റോഡിൽ റോഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 376/24.03.2021 | 49659 | 49659 | |
| കെ.എസ് ഇ ബി | അംഗണവാടി വൈദ്യുതീകരണം | | 37387 | 37387 | 0 |
| കെ.എസ് ഇ ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | 38830 | 38830 | 0 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് മാറ്റി സ്ഥാപിക്കൽ | | 10000 | 10000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ.

2020-21ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വായ്പ തുക | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി. എഫ്.സി. ലോൺ) | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | | ----- | 43241425 | 4728745 | --- | 38512680 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

പഞ്ചായത്തിൽ സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 107194034 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 97806148 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ---- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3106587 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 7500 | ഹരി ജി എസ്, സെക്രട്ടറി |
| 1-26 | 120824 | ഹരി ജി എസ്, സെക്രട്ടറി |

| | | |
|---|---|---|
| 1-29 | 6534 | ഹരി ജി എസ്, സെക്രട്ടറി |
| 1-32 | 1699718 | നീതു ശേഖരൻ, കൃഷി ഓഫീസർ |
| 1-36 | 132000 | ശരത് കൃഷ്ണൻ, വെറ്റിനറി സർജൻ |
| 1-37 | 243000 | ശരത് കൃഷ്ണൻ, വെറ്റിനറി സർജൻ |
| 1-39 | 81362 | അഞ്ജുമോഹൻ, അസി . എൻജിനീയർ |
| 1-41 | 449868 | ഹരി ജി എസ്, സെക്രട്ടറി |
| 1-45 | 151388 | ജൂബി ഫ്രാൻസിസ്, മെഡിക്കൽ ഓഫിസർ (ഹോമിയോ) |
| 1-46 | 128176 | പ്ലസന്റ് ജോയി, മെഡിക്കൽ ഓഫിസർ (പി.എച്ച്.സി) |
| 1-48 | 86217 | ഹരി ജി എസ്, സെക്രട്ടറി |
| | 3106587 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

8780/- രൂപ ജി.എസ്.റ്റി.ഇനത്തിൽ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 98-99 | കെ.എസ്.എ.കെ.റ്റി.എം/പി6/674/16/1.10.2016 |
| 99-00 | കെ.എസ്.എ.കെ.റ്റി.എം/പി6/678/16/25.08.2016 |
| 2000-01 ചെലവ് | എൽ.എഫ്.കെ.പി1/960 അദാ/എഫ്6/11-31.08.11 |

| | |
|---|---|
| 2000-01 വരവ് | എൽ.എഫ്.കെ.പി1/960 അദാ/എഫ്.6/11/31.08.11 |
| 02-03 ചെലവ് | കെ.എസ്.എ.കെ.റ്റി.എം/പി6/1002(1) /17/30.12.2017 |
| 2003-04 | കെ.എസ്.എ.കെ.റ്റി.എം/പി6/(അദാ-18)/37(1)2018, 08.01.18 |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം/പി6/1002(3) /17/30.12.2017 |
| 2005-06 | കെ.എസ്.എ.കെ.റ്റി.എം/പി6/(അദാ-18)/37(2) /2018, 08.01.18 |
| 2006-07 | കെ.എസ്.എ.കെ.റ്റി.എം/പി6/1002(5) /17/28.12.2017 |
| 2007-08 | കെ.എസ്.എ.കെ.റ്റി.എം/പി6/1690(1) /16/04.03.2017 |
| 2009-10 2010-11 | കെ.എസ്.എ.കെ.റ്റി.എം/പി6/1690(2) /17/04.03.2017 |
| 2011-12 | കെ.എസ്.എ.കെ.റ്റി.എം/പി6/(അദാ-18)/37(7)2018, 08.01.18 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി 6/1684/15/23.05.16 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം.പി6/348/18/20.02.18 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6/1928/2016/29.05.17 |
| 2016-17 | കെ.എസ്.എ.കെ.റ്റി.എം/പി6/1651/2017/ 27.12.17 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.6/401/2019/03.09.19 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.6/23 /2020/04.06.2020 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി.6/766 /2021/30.06.2021 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം , കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്